KOTTAYAM PUBLIC LIBRARY

RM 200

Call No. GOV-A Acc. No 39225

Author ഗോവിന്ദനാശാൻ

Title സ്വാമി ശരണം

അയ്യപ്പൻ വിളക്ക്

RENCE

39225

സ്വാമിശരണം.

# അയ്യപ്പൻവിളക്ക്

## (കാണിപ്പാട്ട് സഹിതം)

REFERENCE

KOTTAYAM PUBLIC LIBRARY • KOTTAYAM •



സമ്പാദകൻ:

തിരുനാമക്കര കളപ്പുരക്കൽ,

ഗോവിന്ദനാശാൻ, പെരിയസ്വാമി.

പ്രസാധകർ:

ശാന്താ ബുക്ക് സ്റ്റാൾ,

പാലക്കാട്ട് & ഗുരുവായൂർ.

വില: 1-00

39225

സര്‍വ്വാവകാശവും പ്രസാധകര്‍ക്ക്.

കോപ്പി: 1000

പരിശോധകന്‍:

പി. എസ്സ്. പി. നമ്പൂതിരി.

വില: 1 - 00

അച്ചടി:

മാതാ-പിതാ പ്രസ്സ്,

ഗുരുവായൂര്‍.

# വിഷയവിവരം.

1. അയ്യപ്പൻവിളക്കു് മാഹാത്മ്യം.
2. പാലക്കൊമ്പു് എഴുന്നെള്ളിക്കുക എന്ന ചടങ്ങു്.
3. അയ്യപ്പൻപാട്ടിന്നു് തെയ്യാറാക്കേണ്ട സാധനങ്ങൾ.
4. കെട്ടുനിറയ്ക്കു് തെയ്യാറാക്കേണ്ട സാധനങ്ങൾ.
മുൻകെട്ടു് (മുദ്രക്കെട്ടു്)
5. പിൻകെട്ടു്.
6. അയ്യപ്പഭക്തന്മാൎക്കു് സദ്യയ്ക്കു് തെയ്യാറാക്കേണ്ട സാധനങ്ങൾ.
7. ശരണംവിളികൾ.
8. ഗണപതി.
9. ഗണപതി.
10. ലക്ഷ്മി (അഥവാ) സരസ്വതി.
11. പാലാഴി മഥനം.
12. ശാസ്താജനനം.
13. ശൂൎപ്പകൻകവി.
14. ജനനം.
15. ജനനത്തിന്നു് ശേഷം.
16. ഇരുപത്തെട്ടു്.
17. ജാതകം.
18. മധുകുടിച്ചു് കുലംപിഴച്ചകഥ.

19. വാമർപാട്ട്.

20. കാണിപ്പാട്ട് (അഥവാ) പൊലിപ്പാട്ട്.

21. അര്പ്പൊലി.

22. കോമരം കച്ച കെട്ടുമ്പോൾ.

23. നൃത്തം.

24. മംഗളം.

25. പുലിസേവകം.

26. പുലിസേവകം ഒററപ്പാട്ട്.

27. ചുരികപ്പണി.

# സ്വാമിശരണം.

# അയ്യപ്പൻവിളക്ക്

## (കാണിപ്പാട്ട് സഹിതം)

### 1. അയ്യപ്പൻവിളക്ക് മാഹാത്മ്യം.

അയ്യപ്പൻവിളക്ക് ഇന്ന് സർവ്വസാധാരണമായ ഒരു ചടങ്ങായിമാറിയിട്ടുണ്ട്. അയ്യപ്പസ്വാമിക്ക് ഏററവും ഇഷ്ടപ്പെട്ടവഴിവാടായി സ്വാമിഭക്തന്മാർ ഗണിച്ചുവരുന്ന ഈ ചടങ്ങ് ഇന്ന് പല വീടുകളിലും ക്ഷേത്രങ്ങളിലും മററു സൗകര്യമുള്ള സ്ഥലങ്ങളിലുംവെച്ച് നടത്തിവരുന്നുണ്ട്. ഇതിൻെറ സമ്പ്രദായങ്ങൾതന്നെ പല രൂപത്തിലും ഭാവത്തിലും ആണു്. കേരളത്തിൻെറ ഓരോഭാഗത്തും ഓരോവിധത്തിലാണു് ഇതു നടത്തിവരുന്നതു്. അയ്യപ്പൻവിളക്കിനു പ്രധാനമായതു് അയ്യപ്പൻപാട്ടാണു്. ശൂർപ്പകൻെറ തപസ്സു മുതൽ ആരംഭിക്കുന്ന ഈ പാട്ടിൽ പാലാഴിമർദ്ദനം, മഹിഷിമർദ്ദനം എന്നിങ്ങനെ സ്വാമിയുടെ അവതാരം മുതലുള്ള പല അത്ഭുതകഥകളും അടങ്ങുന്നു, ഇവ ഉടുക്കടിച്ചുപാടുക എന്നുള്ളതാണു് അതിപ്രധാനമായതു്. ഇതിനെ തുടർന്നുപൂജകളും; അയ്യപ്പൻ, വാവര് മുതലായവർതമ്മിലുള്ള വെട്ടു്, തടവു്, തുടങ്ങിയ ചടങ്ങുകളും നടത്തിവരാറുണ്ടു്. ഇതുതന്നെ കേരളത്തിൻെറ ഓരോഭാഗത്തും ഓരോതരത്തിലാണു്. അയ്യപ്പൻവിളക്കുകൾക്കു പാടിവരുന്ന പാട്ടുകൾ പലതും പാഠഭേദങ്ങളോടുകൂടിയതുമാണു്. അവ പലതും പുസ്തകരൂപത്തിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചിലവ ഇന്നും ഓരോരുത്തരുടെ ഭൃത്യന്മാരിൽ നിക്ഷിപ്തമായിരിക്കയാണു്. അയ്യപ്പൻപാട്ടിൽ ഉടുക്കു കൊട്ടി പാടുകഎന്നുള്ളതു് സർവ്വസാധാരണമാണു്. എങ്കിലും കേരളത്തിന്റെ തെക്കൻഭാഗങ്ങളിൽ വില്ലടിച്ചാൻപാട്ടു് എന്ന ഒരു സമ്പ്രദായവും നിലവിലുണ്ടു്. അതുപോലെതന്നെ ആഴിപൂജയും പ്രധാനങ്ങളാണു്. എന്നാൽ തമിഴ്നാട്ടു് തുടങ്ങിയ സ്ഥലങ്ങളിൽ ഭക്തന്മാർ ഭജനയാണു് പ്രധാനമായി നടത്തിവരുന്നതു്. സംഘംസംഘമായി അവർ ഭജന നടത്തിവരുന്നു. അയ്യപ്പൻവിളക്കു കഴിക്കുക എന്നൊന്നും അവർക്കില്ല. ഭജന നമ്മുടെവീടുകളിലും, അയ്യപ്പഭക്തന്മാർ താമസിക്കുന്ന സ്ഥലങ്ങളിലുംവച്ചു നടത്തിവരുന്നുണ്ടു്. എന്നാൽ അനേകകാലമായി നിലനിന്നുവരുന്ന ഒരു വലിയ ചടങ്ങാണു് അയ്യപ്പൻവിളക്ക്. വിളക്കു കഴിക്കുക എന്നുള്ളതു് വളരെ ചിലവുള്ള ഒരു സംഗതിയാണു്. അവനവന്റെ ശക്തിക്കനുസരിച്ചു് ചിലവുകൾ കൂട്ടുകയും കുറക്കുകയും ചെയ്യാം. വിളക്കുകഴിക്കുന്നതിൽ 'മുഴുവൻവിളക്ക്', അരവിളക്ക്, കാൽവിളക്ക്, എന്നൊക്കെ പലഭേദങ്ങളുമുണ്ടു്. എങ്കിലും നമ്മുടെ കഴിവുകൾക്കനുസരിച്ചു് വേണ്ടതായ മാററങ്ങൾ വരുത്താവുന്നതാണു്. അയ്യപ്പൻവിളക്കു കഴിക്കുന്നവർ അഭീഷ്ടസിദ്ധി കൈവരുവാൻവേണ്ടിയും ദോഷശാന്തിക്കു വേണ്ടിയും പ്രാർത്ഥിച്ചുനടത്തുന്നു. നേർച്ചകഴിക്കുന്ന അയ്യപ്പന്മാരും ധാരാളമാണു്. അയ്യപ്പന്മാർ സംഘംചേർന്നും ചില സ്ഥാപനങ്ങൾ വഴിയായും, ചിലഭാഗത്തുകാർ പണപ്പിരിവു നടത്തിയും അയ്യപ്പൻവിളക്കു കഴിക്കുന്നു. ഇതു് ഒരു മഹോത്സവമായി നടത്തുന്നവർ അനേകമായി വളർന്നുവന്നിട്ടുണ്ടു്.

## 2 പാലക്കൊമ്പ് എഴുന്നെള്ളിക്കുക എന്ന ചടങ്ങ്.

ഇത്ര നയനാനന്ദകരമായ ഒരു കാഴ്ച മറെറാരുത്സവത്തിലും കാണാൻ കഴിയുകയില്ല. പഞ്ചവാദ്യം [illegible] എന്നിവക്കു പുറമേ ഉടുക്കുകൾ കൊട്ടി സ[illegible] പല ഘട്ടങ്ങളിലുള്ള കഥകൾ വിവരിച്ചു പാ[illegible] അതിനോടൊപ്പം അയ്യപ്പൻ, വാവര്, ഭഗവതി എന്നിങ്ങനെയുള്ള കോമരങ്ങൾ നൃത്തംവച്ചു മുന്നിലും, അ[illegible]കമ്പടി സേവിച്ചുകൊണ്ട് പന്തങ്ങൾ പിടിച്ചുള്ള അയ്യ[illegible]ന്മാർ കൂടി[illegible] സമീപത്തുള്ള ക്ഷേത്രത്തിൽ നിന്നും ദീ[illegible]ഷം പുറപ്പെടുന്ന കാഴ്ചയുടെ ഭംഗികണ്ടാൽ ഏതു നിരീശ്വരവാദിയും കോൾമയിർ കൊള്ളാതിരിക്കുകയില്ല. പാലക്കൊമ്പ് എഴുന്നെള്ളിച്ച് വിളക്കുകഴിക്കുന്ന സ്ഥലങ്ങളിൽ എത്തിക്കഴിഞ്ഞാൽ വെടിക്കെട്ടുകൾ നടത്തുന്നവർ ധാരാളമായുണ്ട്. അതുമുതൽ നേരം പുലരുന്നതുവരെ പലവിധ ചടങ്ങുകൾ തന്നെ. അവസാനം ആഴിപൂജയുണ്ടെങ്കിൽ അതോടെ പരിപാടി അവസാനിക്കുന്നു. ഇവയിൽ ഏററവും പ്രധാനമായതു് സ്വാമിയുടെ അത്ഭുതലീലാവിലാസങ്ങൾ വിവിധരാഗത്തിലും താളത്തിലും ചൊല്ലുന്നതിനാണ്. അയ്യപ്പൻപാട്ടിന്റെ പ്രാധാന്യം ഒന്നു വേറെ തന്നെയാണ്. ഇതിനു വിളക്കു കഴിക്കുവാനുള്ള സംഘങ്ങൾ ഉണ്ട്. പാട്ടുകൾ ശരിക്ക് പാടി അഭ്യസിക്കുകയും അതുപോലെ കോമരങ്ങൾ താളത്തിനൊപ്പിച്ചു തുള്ളി വെട്ടു തടവുകൾ പഠിക്കുകയും വേണ്ടതുണ്ട്. ഇവ പഠിച്ച പല യോഗക്കാരുമുണ്ട് കേരള

KOTTAYAM PUBLIC LIBRARY KOTTAYAM

ത്തിൽ. ഇവർ കേരളത്തിന്ന് പുറത്തു പോയും പരിപാടി കഠം നടത്തിവരുന്നുണ്ട്. ഇതിൽ ഓരോ യോഗക്കാർ ഉപയോഗിക്കുന്ന പാട്ടുകഠം പല മട്ടിലും താളത്തിലുമുള്ളതാണ് എന്ന് മുമ്പു പറഞ്ഞുവല്ലോ. അതിൽ മദ്ധ്യകേരളത്തിൽ സാധാരണ നടത്തിവരാറുള്ള പാട്ടുകളാണ് ഇതിൽ വിവരിച്ചിരിക്കുന്നത്. ഇത് ഞങ്ങളുടെ പൂർവ്വീകന്മാർ പരമ്പരയായി ഉപയോഗിച്ച് വിളക്ക വഴിവാടുകഠം നടത്തിവരാറുള്ളവയാണ്. ഇന്ന് അതിൽനിന്ന് പല പരിഷ്കാരങ്ങളും വന്നിരിക്കയാൽ നമ്മുടെ കഴിവുപോലെയും സൗകര്യംപോലെയും നമുക്ക നടത്തിക്കാവുന്നതാണ്. ഇതിലെ പാട്ടുകഠം നിങ്ങഠംക്കെല്ലാം പല സ്ഥലങ്ങളിൽ നിന്നും കേട്ടുപരിചയമുള്ളവയും വളരെ വ്യക്തമായി മനസ്സിലാവുന്നവയുമാണ്. ഇതിൽ, ഭഗവാൻെറ അത്ഭുതലീലകഠം അടങ്ങിയ പലപാട്ടുകളും ചേക്കാൻ കഴിയാതെ വന്നിട്ടുണ്ട്. അത് അടുത്ത പതിപ്പിൽ ചേത്തു പ്രസിദ്ധീകരിക്കുന്നതാണ്.

## 3. അയ്യപ്പൻപാട്ടിന്നു തയ്യാറാക്കേണ്ട സാധനങ്ങൾ.

| | | |
|---|---|---|
| പീഠം | എണ്ണം | 5 |
| ചൂരൽ | ” | 3 |
| ചുരിക | ” | 1 |
| ശംഖ് (ഊതുവാനുള്ളതു്) | ” | 1 |
| വിത്തു് | ഇടങ്ങഴി | $3\frac{1}{2}$ |
| പച്ചരി | ” | $2\frac{1}{2}$ |
| കുത്തരി | ” | $2\frac{1}{2}$ |
| നാളികേരം | എണ്ണം | 8 |
| ഇളനീരു് | ” | 7 |
| ഞൊറയ്ക്കുള്ള കട്ടിയാവ് | മുഴം | 7 |
| കറുപ്പു് കച്ച | ” | 7 |
| വാൽക്കണ്ണാടി | എണ്ണം | 1 |
| പാൽക്കിണ്ടി | ” | 1 |
| പുഷ്പ്പണം | ” | 1 |
| നിലവിളക്കു് | ” | 5 |
| ഇരട്ടവിളക്കു് | ” | 4 |
| ചരാതു് | ” | 1 |
| ചങ്ങലവട്ട | ” | 1 |
| താലം | ” | 2 |
| പൂജാപാത്രങ്ങൾ | | |
| പശുവിൻനെയ്യ് | നാഴി | $1\frac{1}{2}$ |
| നല്ലെണ്ണ | ഇടങ്ങഴി | 2 |

| | | |
|---|---|---|
| കൊട്ടെണ്ണ | ഇടങ്ങഴി | 2 |
| തിരിനൂല് | കെട്ട് | 12 |
| പശുവിൻപാൽ | നാഴി | 1 |
| ശക്കര | തുലാം | 1/4 |
| പഴം | എണ്ണം | 50 |
| കല്ക്കണ്ടം | പലം | 2 |
| മുന്തിരിങ്ങ | പലം | 2 |
| ഏലക്കായ തരി | ഉറുപ്പികത്തൂക്കം | 1 |
| ചെറുനാരങ്ങ | എണ്ണം | 4 |
| കരുമ്പ് | തുണ്ടം | 1 |
| തേൻ | നാഴി | 1 |
| കദളിപ്പഴം | എണ്ണം | 25 |
| കർപ്പൂരം | കൂട്ട് | 5 |
| സാമ്പ്രാണി | പലം | 1 |
| ചന്ദനത്തിരി | എണ്ണം | 50 |
| തെങ്ങിൻപൂക്കുല | " | 2 |
| കവുങ്ങിൻപൂക്കുല | " | 5 |
| വാഴപ്പിണ്ടി | " | 11 |
| തെങ്ങിൻകുരുമ്പ് | " | 15 |
| അവില് | ഇടങ്ങഴി | 2½ |
| മലര് | പറ | 1 |
| പൊരി | " | 1 |
| പൊരിക്കടല | ഇടങ്ങഴി | 2½ |
| വാഴയില | എണ്ണം | 15 |
| പുഷ്പം | വട്ടി | 1 |
| ചൂടി | മാറ് | 25 |

| | | |
|---|---|---|
| പനയുടെ കുരുന്തോല | എണ്ണം | 5 |
| പീഠത്തിങ്കൽ കാണിയ്ക്കപ്പണം ഉറുപ്പിക | | 1¼ |
| ക്ഷുറപ്പണം | ” | ½ |
| തിരുവുടയാട | എണ്ണം | 1 |
| പള്ളിവാൾ | ” | 1 |
| ചെമ്പുകുടം | ” | 1 |
| കിണ്ടി | ” | 2 |
| പലക | ” | 1 |
| ദക്ഷിണപ്പണം | എണ്ണം | 5 |
| കളഭം | കട്ട | 1 |
| പഞ്ചസാര | റാത്തൽ | 2 |
| മാററു് | എണ്ണം | 9 |
| വെററില | പചം | 2 |
| അടയ്ക്ക | എണ്ണം | 15 |
| പുകയില | പലം | 12 |
| പഴക്കുല | എണ്ണം | 4 |

നെയ്യപ്പം }
പായസം }

## 4. കെട്ടുനിറയ്ക്കു് തെയ്യാറാക്കേണ്ട സാധനങ്ങൾ

### മുൻകെട്ടു് (മുദ്രക്കെട്ടു്)

| | | |
|---|---|---|
| പച്ചരി | നാഴി | 2½ |
| കർപ്പൂരം | പെട്ടി | 1 |
| ശക്കര | റാത്തൽ | 1 |
| കല്ക്കണ്ടം | പലം | 1 |

| | | |
|---|---|---|
| മുന്തിരിങ്ങ | പലം | 1 |
| കദളിപ്പഴം | എണ്ണം | 12 |
| അവിൽ | നാഴി | 1 |
| മലര് | നാഴി | 1 |
| മലർപ്പൊടി | ,, | 1 |
| മഞ്ഞൾപ്പൊടി | പലം | 1 |
| സ്വർണ്ണത്താലി | എണ്ണം | 1 |
| ചുരിക | ,, | 1 |
| നൈത്തേങ്ങ | ,, | 1 |
| പതിനെട്ടാംപടിയിൽ എറിയുവാൻ നാളികേരം | | 1 |
| നെല്ല്, തുളസിപ്പൂവ്, കുരുമുളക് ഇവ ഇലയിൽ പൊതിഞ്ഞതള്ള്കെട്ട് | | 1 |
| കാണിപ്പണം | | 1 |
| ചന്ദനത്തിരി | കെട്ട് | 1 |

## 5. പിൻകെട്ട്.

| | | |
|---|---|---|
| പുഴക്കലരി | ഇടങ്ങഴി | 2 |
| ചെറുപരുപ്പ് | നാഴി | 1 |
| തുവരപ്പരുപ്പ് | നാഴി | 1 |

ഉപ്പ്, കുരുമുളകുപൊടി, മസാൽപൊടി, ജീരകപ്പൊടി, പെരുങ്കായം, സമ്മന്തിപ്പൊടി, പുളി, പപ്പടം, മലരുണ്ട, പഞ്ചസാര, കാപ്പിപ്പൊടി, റവ, ഏലക്കായത്തരി, ശക്കര, വെളിച്ചെണ്ണ, നെയ്യ്, നാളികേരം, [illegible] കായ് കറികൾ.

പാത്രം, കയില്, ടീസ്പൂൺ, ഗ്ലാസ്സ്, പായ, കമ്പിളി, വിളക്ക്, 1 എണ്ണം വീതം.

## 6. അയ്യപ്പഭക്തന്മാക്ക് സദ്യക്ക തയ്യാറാക്കേണ്ട സാധനങ്ങൾ.

| | | |
|---|---|---|
| അരി | പറ | 1½ |
| മഞ്ഞൾ | പലം | 1 |
| നേന്ത്രക്കായ | എണ്ണം | 50 |
| ചേന | തുലാം | 1½ |
| ഇളവൻ | എണ്ണം | 3 |
| പടററുകായ | " | 25 |
| പച്ചമത്തങ്ങ | " | 1 |
| പഴുത്ത മത്തങ്ങ | " | 1 |
| പച്ചവെള്ളരിയ്ക്ക | " | 5 |
| കയ്പക്ക | എണ്ണം | 25 |
| വഴുതിനങ്ങ | " | 50 |
| കൊത്തവരയ്ക്ക | ഇടങ്ങഴി | 2 |
| കുപ്പൽമുളക് | പലം | 5 |
| കുരുമുളക് | നാഴി | 1 |
| കടുക് | ഇടങ്ങഴി | 1½ |
| വെളിച്ചെണ്ണ | ഇടങ്ങഴി | 5 |
| നാളികേരം | എണ്ണം | 75 |
| ചെറുപയറ് | ഇടങ്ങഴി | 2 |
| പപ്പടം | കെട്ട് | 1½ |
| ഇഞ്ചി | റാത്തൽ | 1½ |

| | | |
|---|---|---|
| തൈരു് | പറ | 3 |
| പച്ചകൊത്തമല്ലിതഴ | പലം | 2 |
| പുളി | റാത്തൽ | 5 |
| ഇടിച്ചക്ക | എണ്ണം | 6 |
| ജീരകം | നാഴി | $1\frac{1}{2}$ |
| ഉലുവ | ,, | $1\frac{1}{2}$ |
| കൊത്തമ്പാലരി | ,, | 2 |
| പച്ചമുളകു് | റാത്തൽ | 3 |
| പെരുങ്കായം | ഉറുപ്പികത്തൂക്കം | $2\frac{1}{2}$ |
| തക്കാളിപ്പഴം | റാത്തൽ | 3 |
| തുവരപ്പരുപ്പു് | ഇടങ്ങഴി | 4 |
| ഗോതമ്പു് | ഇടങ്ങഴി | 4 |
| കടലപ്പരുപ്പു് | നാഴി | 3 |
| ഉഴുന്നുപരുപ്പു് | ,, | 3 |
| ശക്കര | തുലാം | $\frac{3}{4}$ |
| പഞ്ചസാര | ,, | $\frac{1}{4}$ |
| പൂരിപഞ്ചസാര | പലം | 3 |
| ചുക്കു് | ഉറുപ്പികത്തൂക്കം | 5 |
| ഏലത്തരി | ,, | 2 |
| പച്ചരി | ,, | 3 |
| പൂവൻപഴം | എണ്ണം | 50 |
| ചെറുനാരങ്ങ | ,, | 5 |
| നെയ്യു് | നാഴി | 3 |
| വാഴയില | എണ്ണം | 150 |
| ഉപ്പു് | ഇടങ്ങഴി | $4\frac{1}{2}$ |
| ഉരുളക്കിഴങ്ങു് | റാത്തൽ | 6 |
| മുരിങ്ങക്കായ | എണ്ണം | 50 |

## 7. ശരണംവിളികൾ.

1 സ്വാമിയേ ശരണമയ്യപ്പാ
2 ഹരിഹരസുതനേ ശരണമയ്യപ്പാ
3 മോഹിനീസുതനേ ശരണമയ്യപ്പാ
4 പന്തളരാജകുമാരനേ ശരണമയ്യപ്പാ
5 താരകബ്രഹ്മമേ ശരണമയ്യപ്പാ
6 മലഗിരിവാസനേ ശരണമയ്യപ്പാ
7 പൊന്നമ്പലവാസനേ ശരണമയ്യപ്പാ
8 എരുമേലിൽശാസ്താവേ ശരണമയ്യപ്പാ
9 മദഗജവാഹനനേ ശരണമയ്യപ്പാ
10 കരിംപുലിവാഹനനേ ശരണമയ്യപ്പാ
11 കർപ്പൂരപ്രിയനേ ശരണമയ്യപ്പാ
12 സേവിപ്പവർക്കാനന്ദമൂർത്തി ശരണമയ്യപ്പാ
13 മാളികപ്പുറത്തമ്മലോകമാതാവേ ശരണമയ്യപ്പാ
14 എടകെട്ടിൽ വാവരേ ശരണമയ്യപ്പാ
15 കൊച്ചുകടുത്തസ്വാമിയേ ശരണമയ്യപ്പാ
16 കരിമലകറുപ്പുസ്വാമിയേ ശരണമയ്യപ്പാ
17 ഓങ്കാരപൊരുളേ ശരണമയ്യപ്പാ
18 വില്ലാളിവീരനേ ശരണമയ്യപ്പാ
19 വീരമണികണ്ഠനേ ശരണമയ്യപ്പാ
20 ഭൂലോകനാഥനേ ശരണമയ്യപ്പാ
21 ഭൂമിപ്രപഞ്ചനേ ശരണമയ്യപ്പാ
22 അന്നപരിപാലനേ ശരണമയ്യപ്പാ
23 സത്യമായപതിനെട്ടാംപടികടയനാഥനേ–
ശരണമയ്യപ്പാ

ഹരിഹരസുതനാനന്ദചിത്തനയ്യനയ്യപ്പസ്വാമിയേ–
ശരണമയ്യപ്പാ

## 8 ഗണപതി.

നാലാം താളം.

ഹരിഃ ശ്രീ ഗണപതയേ നമഃ എന്നു വന്ദിക്കുന്നേൻ
ഗുരുഭൂതർപദം ചിത്തേ പിരിയാതെ വസിക്കേണം
കരിമുഖൻ ഗണപതി പദതളിർ തൊഴുതു ഞാൻ
അരിപൊരിഗുളമവിൽ പയറെന്നിവ പലതരം
കരുണാസാഗരമായ നിനക്കിന്നുതരുന്നു ഞാൻ
വരണമിക്കളത്തിൽ നീ തരണം നിൻകൃപാലേശം
ഹരിഹരസുതൻ തന്റെ ചരിതങ്ങളുരപ്പാനായ്
പരമാസ്തിക്യമോടിന്നു മരുവുന്ന ജനങ്ങൾക്ക്
ഗിരിജാ കാന്തജാ നൽകവരങ്ങൾ സംശയമെന്യേ
ചരണസേവകന്മാർക്കു കരുണാവാരിധേ! ദേവ!
സുരന്മാർ കിന്നരന്മാർക്കും ചരന്മാർ ചാരണന്മാർക്കും
നരന്മാർ പന്നഗങ്ങൾക്കും ശരണം നിൻപദം നൂനം
പരമീശാദ്യനന്ദനസുരേന്ദ്രാദ്യഭിവന്ദന
ഗിരിജാനന്ദന! ദേവ വരിക വാഴ്കരികിൽ മേ!
അടിയങ്ങളറിയാതിങ്ങുവലം ചെയ്തവയെല്ലാം
മടിയാതെ പൊറുത്തിന്നുവരം നൽക ഗണേശ! നീ.

## 9. ഗണപതി.

എണ്ണിച്ച, ഴാദി (അഥവാ) രൂപതാളം

1 ഹരിഹരനാം പാർവ്വതികാന്തൻ
കരിരൂപമായി കാനനം തന്നിൽ
ശ്രീപാർവ്വതി പിടിയുമായി പിമ്പെ
കാനനത്തിൽ നടന്നുകളിച്ച്
ഗജരൂപം പൂണ്ടു് രമിച്ചൊരുനാളിൽ
ഗണപതിവന്നു് ഉത്ഭവം അവിടെ
ഞത്താരിലെ മാനിനിസുതനിന്നു
ഭക്ഷണത്തിന് എന്തൊരു വിഭവം
പകപങ്ങളും പുതിയവിൽശർക്കര
പുത്തഞ്ചു് കടമതിൽ തേനും
താലം പൊടിപൂശിമിനുക്കിയ
താലം തന്നിൽ വെച്ചുതരുമ്പോം
യെൻ താപം അകററവതിന്നായി
കുംഭിമുഖവൻതുണയായിവരണം
നാണം കളഞ്ഞു് അമൃത് ഭുജിച്ച്
കവിക്കവരം അരുളുകാഗണനെ
മന്ദബുദ്ധി ഒഴിച്ചടിയത്തിന്
വരമരുൾകാ ഗണപതിനാഥ
ഹരിയോഹര, ശങ്കരസുതനെ
അടിയനിതാ പാദങ്ങളിൽതൊഴുതേൻ.

(ത്രിപുടതാളം)

2 പണ്ടു് പരമശിവൻ പാർവ്വതിയെ
വിവാഹം ചെയ്തിട്ടങ്ങൊരുദിനം
വാണവൻമലാമുകളിൽ കാട്ടു്
തകർത്താടിച്ചു ഭുജിച്ചനാറം
കലുത്തജലം കോരീട്ടൊഴിക്കയും കളി-
ച്ചൊട്ടജലമപ്പോറം ഭുജിക്കയും
കളിച്ചുനടക്കമ്പോറം തറച്ചു കാമശരം
പിടിച്ചു പാർവ്വതിയെ പുണന്നീശൻ
കൺമയങ്ങി മുഖാകരുത്തുടൻ
ഉദരം വീത്തു് കണ്ടപ്പൊഴെ
ചന്ദ്രശേഖരനായ ശങ്കരൻ
വിളിച്ചുചോദിച്ചാനുമയൊടു്
ബാലികാകല'മൌലിമൽപ്രിയെ
ചാരുശീലെ നിനക്കെന്തു്
എന്തിക്കഗർഭവും തികഞ്ഞു നാറംപത്തു്
പ്രസവകാലം അടുത്തുപോയി
പ്രസവകാലം അടുക്കം നേരത്തു്
ദുഃഖം ആരോടുപറയും ഞാൻ
ഇത്തരം പറഞ്ഞൊട്ടു ദിക്കു്
നടന്നുചെന്നപ്പോറം പ്രസവിച്ചു.
പെററ പൈതലെ കണ്ടാലെത്ര
വിചിത്രമെന്നെ പറയാവതും

ഒട്ടുകരിരൂപം ഒട്ടുനരരൂപം
വട്ടമൊത്ത വയറത്
കത്തടിവെള്ളക്കൊമ്പ് രണ്ടു്
നിറം കറുത്തശരീരവും
ശങ്കരനുടെ പുത്രനാണെന്നു്
ലോകം മൂന്നും പ്രസിദ്ധമായി
ഇങ്ങിനെയുള്ള വൻകരിവരന്
അമൃതിനായി മലർശക്കര
കട്ടിത്തേനൊട്ട കൊട്ടത്തേങ്ങയും
കട്ടയായുള്ള വെള്ളവിൽ
നീളമായ കരിമ്പിൻ ചാറതിൽ
പാലിളന്നീർപഴങ്ങളും
ഒക്കെവെച്ച് നമിക്കും നേരത്ത്
ഇഷ്ടമായിവരം അരുളണെ
വാണി ദേവിയും തുഞ്ചനും ഗുരു-
നാഥനും തുണയാകണം
ഹരിഹര! ശിവ! കനകപുരഹര!
പരമശിവസുത! കൈതൊഴാം.

## 10. ലക്ഷ്മി (അഥവാ) സരസ്വതി.

മുത്താളം

സരസ്വതീ ദേവീതന്റെ
ഇരിപ്പും പദവികൾ ചൊൽവാൻ

മലയാളം പരദേശം
ഇരുനാടങ്ങൊരുപോലെ

ചെന്താമരപ്പൊയ്ക്ക തന്റെ
മലർക്കല ഇതളിന്മേൽ

സംഗീതവും പാടി ആടി
ഇരിക്കുന്ന അമ്മാദേവി

ഇരവതിനാൾകഴിഞ്ഞു്
അശ്വതിനാൾ അസ്തമിച്ചു

ഏഴരനാഴിക രാവുചെല്ലുമ്പോൾ
എഴുന്നള്ളത്തമ്മാദേവി

അമ്മ ദേവി എഴുന്നള്ളുമ്പോൾ
എന്തെല്ലാം അടയാളങ്ങൾ

കൊമ്പ്, കുഴൽ, താളം, ചെണ്ട
മുഴങ്ങുന്ന ചള്ളിശ്ശംഖ്

കുറയാതെ ചതിനെട്ട്
തിരുവാദ്യം അടിപ്പിച്ചു്

ആറവുരേഖാ കൃത്തുകാണ്മാൻ
ഓരികന്റെ കോട്ടകാണ്മാൻ

ആറ്റുവക്കത്തെഴുന്നള്ളി
കുളിക്കുമെന്നമ്മ ദേവി
പാരിലൊക്കെ പുകൾപൊങ്ങും
കൊടുങ്ങല്ലൂർ അമർന്നീടും
ഭഗവതി കാവിലമ്മേ
മലരടി തൊഴുന്നേൻ
അടിയങ്ങളിതാ പാദം
കൈക്കൂപ്പി സ്തുതിക്കുന്നേൻ
ദേവി നമോ നമഃ
പാദം നമോസ്തു തേ

## 11. പാലാഴിമഥനം.

വാണിമാരും വിരിഞ്ചനും വ്യാസനും വാണീടേണ
[മെന്നുള്ളത്തിലെപ്പോഴും
ഗണനാഥനും കൃഷ്ണൻഗുരുനാഥൻ തുണയ്ക്കേണം
[കവിക്കിന്നുസന്തതം
പാലാഴി പണ്ടുമൂർത്തികൾമൂന്നുമായ് ലീലാകോലാഹല
[ത്തോടൊരുമിച്ച്
ദേവകൾ തന്റെ താപമൊഴിപ്പാനായ് മഥനത്തെ
[ചെയ്യിപ്പിച്ചോരുകഥ
പറഞ്ഞീടുവാൻ പാരംപണിയത്രെ! പറവാൻ
[പണിപാരംഫണീന്ദ്രനും,
ചുരുക്കത്തിൽ പറയുന്നു ഞാനിപ്പോൾ ഗുരുനാഥൻ
[തുണയ്ക്കേണം സന്തതം,

ദുർവ്വാസാമുനി താനങ്ങൊരുദിനം പാർവ്വതീപതി
[തന്നെയുംസേവിച്ച്
പത്ഥ്യമായവരത്തെഗ്രഹിച്ചുടൻ സസ്മിതം മരുവീടും
[ദേശാന്തരെ
ചെന്നൊരുദിനം മാമുനിപുംഗവൻ ഇന്ദ്രലോകം
[പ്രവേശിച്ചാനന്നേരം
വിസ്മയങ്ങളിതോരോന്നുകണ്ടിട്ട സസ്മിതംനടന്നീടും
[ദേശാന്തരെ,
ചെന്നൊരുദിനം പൂങ്കാവിലന്നേരം നിന്നുക്രൂടി
[കളിയ്ക്കുന്നനാരിമാർ
വാട്ടമററുള്ളമാലധരിച്ചവർ ക്രൂട്ടമിട്ടുകളിച്ച
[വരാക്കന്നപ്പോൾ
കണ്ടു മാമുനിതന്നെയും ദേവിമാർ മണ്ടിച്ചെന്നു
[തൊഴുതു കുതൂഹലാൽ
നന്നാകെന്നു മുനിയരുൾചെയ്തപ്പോൾസൗന്ദര്യ
[മവർക്കേററവുമുണ്ടായി.
അന്നതിലൊരു കന്യകചെന്നുടൻ മന്ദമങ്ങൊരു
[മാലയുംകെട്ടീട്ട
മാമുനികൾ തൊഴുതു കൊടുത്തപ്പോൾ മാമുനി വരം
[മേല്ക്കുമേൽ നല്കിനാൻ.
ചെന്നഥ മുനിവാസവൻതൻഗൃഹെനിന്നുവന്നുടൻ
[വന്ദിച്ചു ദേവേന്ദ്രൻ;
മാലയും മുനിയിന്ദ്രനുനല്കിനാൻ ചാലവെ മാല
[വാങ്ങികൊണ്ടിന്ദ്രനും;

ഗജത്തിൻ കഴുത്തേറിവസിക്കുമ്പോൾ ഗജമസ്തകെ
[മാലവെച്ചിന്ദ്രനും
ചാലവേ മുടികെട്ടുന്നനേരത്തു് മാലതന്മേൽ
[നിറഞ്ഞിതുവണ്ടുകൾ
ദന്തിരാജൻ പരിഭ്രമത്താലപ്പോൾ അന്ധാളിച്ചു
[ഞെട്ടത്തിതുമാല്യവും
ഭിന്നമാക്കിക്കളഞ്ഞതുകണ്ടതിനൊന്നു കോപിച്ചരുൾ
[ചെയ്തുമാമുനി.

(വൃത്തം മാറി)

കഷ്ടമതികഷ്ടമതല്ലൊ? ഇന്നിതു നീ ചെയ്തതു ചാത്താൽ
കല്പകവൃക്ഷാദികൾ പലദിവ്യങ്ങളുമുണ്ടായതുകൊണ്ടു്
ധിക്കാരംനമ്മോടിഹനീചെയ്തതു കൊണ്ടായതുമൂലം;
അധികമതായുള്ളൊരഹമ്മതിയുള്ളിൽ നിനക്കുള്ളതു
[കൊണ്ടു്;
ജരയോടുനരവ്യാധികളുണ്ടായ് നരനെപ്പോലെ
[വസിച്ചീടുകനീ;
മനുജന്മാരോടും തോററിട്ടവനിയിൽ വാണീടുകവേണം
ഇങ്ങിനെ മുനിയരുൾചെയ്തതു കേട്ടന്നേരത്തിന്ദ്രനു
[മപ്പോൾ;
വിരവിനൊടങ്ങടിമലർ തൊഴുതിട്ടറിയിച്ചു
[വസ്ഥാദികളെല്ലാം
അറിയാതടിയൻ കുന്തളമായതിനെച്ചികിയുലത്തി
[ക്കെട്ടന്നേരം:

ഭന്തിവരൻ മാല്യം ഖണ്ഡിച്ചാശ്രുകളഞ്ഞതു കഷ്ടമതല്ലൊ
ആയതിനാലടിയന്റെ ശാപത്തിന്റെ മോക്ഷം തന്നീടുക
[വേണം.
ഇങ്ങിനെ ദേവേന്ദ്രനരച്ചതുകേട്ടരുൾചെയ്തിതുമുനിയും
ആയതിനൊരു കൌശലമുണ്ടായതിനെ ചെയ്തീടുക
[നീ വൈകീടാതെ
അലകടലതിൽ മഥനം ചെയ്താലമൃതതിൽനി
[ന്നുളവായിടും.
അതുമെടുത്തുടനാശു ഭുജിച്ചാൽ ഉടനെ
[ജരനരവ്യാധികൾതീരും;
എത്തീടുമതെങ്കിലതിന്നുള്ളൊരുയുക്തിയുമുട
[നുപദേശിയ്ക്കാം.
മന്ദരമതുമത്താക്കിക്കൊണ്ടുടനെ പാശം വാസുകിവേണം;
അസുരകളോടുസന്ധിച്ചീടുകിലെ ആയതു സാധിച്ചീടു;
ആയതിനൊരുവഴിമൊഴിയും ചിന്തിയ്ക്കുകനീയു
[മതിശ്ലേഷാൽ.
ഇങ്ങിനെയരുൾചെയ്തു മുനിവരനവിടെ
[മറഞ്ഞൊരുസമയെ;
ശക്രനമതികണ്ടിതമോടെ തന്നുടെ പുരി പുക്കവസിച്ചു;
അക്കാലത്തസുരാദികൾ അതികടിലതയകതാരിൽ
[നിനച്ചു;
ഉഗ്രന്മാരവർ മാബലിയൊടു ചെന്നമരാപുരി പുക്ക
[വസിച്ചും
അമരാരികളമരകൾ തമ്മൊടുസമരത്തിന്നങ്ങെതിരിട്ടു.
അസുരകളൊടു തോററമരന്മാർ അതിഖേദംപൂണ്ടുവസിച്ചു.
അസുരകൾ ചെന്നമരപുരത്തിൽ അതിമോദം
[പൂണ്ടുവസിച്ചു

39225

(വൃത്തം മാറി)

അക്കാലം ദേവകളും അതിഖേദം പൂണ്ടുടനെ
ബ്രഹ്മാവുതന്നോടറിയിച്ചിതുവൃത്താന്തം,
ബ്രഹ്മാവുംചന്ദ്രചൂഡൻ ദേവകളോടുംകൂടി,
മുക്കണ്ണൻ തന്നോടറിയിച്ചിതുവൃത്താന്തം.
മുക്കണ്ണൻ ബ്രഹ്മാവും ദേവകളോടുംകൂടി
പാലാഴിപ്പുക്കടനറിയിച്ചിതു വൃത്താന്തം.
ദേവകളുടെ താപംതീർപ്പതിന്നായുടനെ,
മൂർത്തികൾ മൂന്നുമുടനോർത്തുടൻ നിരൂപിച്ചു,
മന്ദരം മത്താക്കി വാസുകി പാശമാക്കി,
ദേവകളേയുമസുരകളേയും കൂടിവേഗാൽ,
ക്ഷീരാർണ്ണമഥനം ചെയ്യിപ്പിച്ചോരു സമയെ,
അന്നതിൽനിന്നുളവായി അനവധിനവരത്നം
കല്പകവൃക്ഷം കാമധേനു കനകാംഭോജം,
ഉടനുളവായിവന്നു അമൃതതിൽ നിന്നുടനെ.
അമൃതെടുത്തുടൻ മഥനം മാററിയനേരത്തിങ്കൽ;
മൂർത്തികൾ മൂന്നുമുടൻ ദേവകളറിയാതെ,
അസുരകളമൃതെടുത്തങ്ങവരുടെ പുരം പുക്കു;
അമൃതുകാണായ്കമൂലം ദേവകൾ ദുഃഖിതരായ്
അതുപൊഴുതുടനെ മുകിൽവർണ്ണനങ്ങെഴുന്നെള്ളി
മോഹിനീവേഷംപൂണ്ടങ്ങസുരകൾ പുരം പുക്കു,
മോഹിനിയാളെക്കണ്ടങ്ങസുരകൾ ഉരചെയ്തു.
വരിക! പൂമങ്കെ! നീയുമമൃതു വിളമ്പീടുക!
ഞങ്ങളിലൊരോഹരി നീയും ഭുജിച്ചീടുക;
അസുരകൾമൊഴികേട്ടങ്ങതുകൾ ചെയ്തിതുമോഹിനിയാൾ,

...TAYAM PUBLIC LIBRARY ... AYAM

ഞാനൊരു നാരീമണി ബാലികയാകയാലെ,
നാണംപെരുതെനിയ്ക്കു നിങ്ങടെസഭനടുവിൽ
വന്നുടനമൃതുവിളമ്പീടുവതിന്നായി;
കണ്ണടച്ചുടൻ രണ്ടുപന്തിന്നിരക്കെന്നിങ്ങൾ,
കണ്ണുതുറന്നീടാതെ അമൃതുഭുജിച്ചീടുവിൻ;
ഏതുമമടിയ്ക്കാതെ അമൃതുവിളമ്പുവൻ ഞാൻ;
ഒക്കെതിലുടനൊട്ടുക്കം കണ്ണുതുറന്നവർക്ക്
ഒട്ടുംമടിയ്ക്കാതുടനിഷ്ടയായ് വാഴുവൻഞാൻ-
മോഹിനിയരുൾകേട്ടങ്ങസുരാദികൾ മോഹിതരായ്,
കണ്ണടച്ചുടൻ രണ്ടുപന്തി നിരക്കെതന്നെ;
കണ്ണുതുറന്നീടാതെയമൃതുഭുജിച്ചീടുവിൻ,
അതുപൊഴുതുടൻ മായയമൃതെടുത്തുടൻ നടന്നു,
വേഗേന ചെന്നുടനെ ദേവകൾപുരം പുക്ക്
അസുരന്മാരെ ജയിച്ചിട്ടമൃതുടൻ കൊണ്ടുചെന്നു,
ദേവകൾക്കുടൻനൽകി യാധിയെത്തീർത്ത ദേവൻ;
ദേവകളമൃതുണ്ടു ജരനരതീർന്നുടനെ,
ദേവകൾ ദേവലോകേ ചെന്നുടൻ സുഖിച്ചിരുന്നു.

(വൃത്തം മാറി)

കണ്ണടച്ചങ്ങിരുന്നുവലയുന്ന പൊണ്ണന്മാരസുരാദികളന്നേരം
മാനിനീമണിയാളെ വിളിച്ചുടൻ ദീനതയോടരുൾചെയ്തു
[വേഗത്തിൽ,
പന്തൊക്കുംമുലയാളെ! മനോഹരേ! ബന്ധുരാംഗനേ!
[വേഗംവരികെടോ,

ദേവകളിങ്ങുവന്നീട്ടുംമുന്നമെ ദേവി! നീയമൃതാശ്ശുവിളമ്പുക
ഇത്തരംപറഞ്ഞയ്പോടസുരകൾ സത്വരം കൺതുറന്നു
[നോക്കുന്നേരം
കണ്ടതില്ലമൃതേതുമേ മോഹിനിയ്ക്കിണ്ടൽ പൂണ്ടസുരാദി
[കളന്നേരം
ആരിതീവണ്ണംചെയ്തുതുമന്നേരം പാരാതെ ചിന്ത
[ചെയ്തോരുനേരം
ചെയ്തതുചതിവിഷ്ണുഭഗവാനും ചെയ്കയില്ലമററാരു
[മതിങ്ങിനെ
പാകശാസനനാദികളോടിന്നു പോകപോരിനു
[വൈകാതെനാമിപ്പോൾ
ഇത്തരംപറഞ്ഞയ്പോടസുരകൾ സത്വരംചെന്നു
[ദേവകളോടേററു.
ഘോരമായുള്ള യുദ്ധകോലാഹലം പാരിലാക്കും
[പറഞ്ഞാലൊടുങ്ങിടാ,
ചക്രപാണിതൻചക്രമതേററിട്ടു വിക്രമന്മാരനേകം
[മരിച്ചുപോയ്
ചക്രമേററുമരിച്ചുമഹാബലി ശുക്രൻചെന്നുടൻ
[ജീവിപ്പിച്ചനേരം

—o0o—

(വൃത്തം മാറി)

നാരദമുനിതാനുമന്നേരം പാരാതങ്ങെഴുന്നള്ളിനാൻ;
ചെന്നുകൈലാസംപുക്കുമാമുനി ചന്ദ്രചൂഡനെ കേൾപ്പിച്ചു;
ചന്ദ്രശേഖരൻ പാർവ്വതിയോടും മന്ദമങ്ങെഴുന്നള്ളിനാൻ.
ചെന്നുവൈകുണ്ഠംപുക്കു നാഥനെമന്ദമെന്നിയെ കണ്ടുടൻ

ഈശനോടങ്ങരുളിമാധവൻ ആശ്ചര്യംതവവന്നതും;
എന്തുമൂലംഗിരിമകളൊടും ഹന്ത! യിങ്ങെഴുന്നള്ളുവാൻ.
വേഗമങ്ങരുൾചെയ്യവേണമെ; നാഗഭൂഷണ! വൈകാതെ
കേട്ടുടൻനാഗഭൂഷണനരുൾചെയ്തു മാധവൻതന്നോടും
ദേവകൾക്കഴൽതീർപ്പതിന്നായി ദേവ! പൂണ്ടൊരു
[വേഷത്തെ
കാണ്മാനാഗ്രഹംപാരംമാനസെ കാർമുകിൽവർണ്ണ!
[കാട്ടെടൊ
ഇങ്ങിനെയരുൾകേട്ടുമാധവൻ ഗംഗാകാന്തനോടരുളിനാൻ
ദേവിയോടൊരുമിച്ചുവാഴുമ്പോൾ ദേവ! രൂപത്തെക്കാട്ടുവാൻ
നാണമാകുന്നെന്നിയ്ക്കുമാനസെ എണ്ണനേർമിഴിരൂപത്തെ;
ഇങ്ങിനെയരുൾകേട്ടുശങ്കരൻ അംഗനാമണിയോടുമായ്
വേഗമങ്ങെഴുന്നള്ളി കൈലാസംനോക്കി; യന്നേരം
[മാധവൻ.
ചെന്നൊരുമലപൂക്ക നല്ലൊരുസുന്ദരീവേഷം പൂണ്ടുടൻ
മണ്ഡപമതുംതോററിമാധവൻ വർണ്ണമാലയും ചൂടിനാൻ;
മിന്നൽപോലെവിളങ്ങുംമേനിയും കന്നൽനേർമിഴി
[രൂപത്തെ
പന്തടിച്ചുകളിച്ചു പിന്നുകൾപാടിയാടി വസിയ്ക്കുമ്പോൾ;
പാട്ടുകേട്ടുടൻ ചന്ദ്രശേഖരൻ പെട്ടെന്നങ്ങെഴുന്നള്ളിനാൻ
ചെന്നുമണ്ഡപംതന്നിൽപുക്കുടൻ സുന്ദരിയാളെക്കണ്ടിത്തു.

# 12. ശാസ്ത്രാജനനം

(വൃത്തം മാറി)

മിന്നൽക്കൂട്ടംപോലെ വിലസീടുന്ന കന്നൽനേർമിഴിയെ
[കണ്ടൊരുനേരത്തു്
കാമബാണങ്ങളേറ്റുവലഞ്ഞുപോയ് കാമവൈരിയു-
[മെന്തൊരുവിസ്മയം;
കോമളാംഗിയോടീവണ്ണംമെല്ലവെ, സോമശേഖര-
[നൊന്നങ്ങുണർത്തിച്ചു
കാമിനീകുലമൌലികേ! മോഹിനീ, കാമദേവശരദേവതെ!
[മുദാ
മാനസംതെളിഞ്ഞെന്നരികിൽവന്നു മാല്യതീരുംവണ്ണം
[പുണരേണമെ!
ഇത്തരംപറഞ്ഞായ്മ്പോടടുക്കുമ്പോൾ മത്തഗാമിനി
[പിന്നെയുമോടിനാൾ.
ഉദ്യോഗത്തോടുപിമ്പേഗിരീശനും ഉദ്യാനംതോറും
[മണ്ടിനടക്കയും;
ബിംബംകണ്ടും, പ്രതിബിംബംകണ്ടിട്ടും, ഉന്മദമായ
[രൂപമതോർത്തിട്ടും,
സംഭ്രമംപൂണ്ടിടയ്ക്കിടെനിൽക്കയും സംഭോഗത്തിന്നു
[മെല്ലെന്നണകയും
പാരമിരഴിന്നുംഈശ്വരൻതന്നുടെ പാരവശ്യംപറവാൻ
[പണിപണി.
ആകുലപ്പെട്ടുമണ്ടുന്നമോഹിനിയ്ക്കാടയമ്പോടഴിഞ്ഞു-
[പോയന്നേരം.
സ്ഥാനനാമംപഴുതായിവന്നില്ല, സ്ഥാണുപോലുടൻ
[നിന്നുപോയന്നേരം.

അനംഗൻതൻെറമന്ദിരമായ്മോടെ ആനന്ദാംബുധി,
[കണ്ടുഗിരീശനും.
കേശംമെല്ലെപിടിച്ചുകൊണ്ടന്നേരം അബ്ജബാണ-
[മഹാനടമാടിനാൻ
ഹന്ത! മോഹിനിതന്നെയും ഗിരീശൻ; അത്ഭുതാംഗിയെ
[പിന്നെയും പിന്നെയും.
പത്തുനൂറുപുണർന്നോരനന്തരം ചിത്തസൌഖ്യം
[ലഭിച്ചു ഗിരീശനും;
ആശ്ചര്യങ്ങളിതോരോന്നേകണ്ടിട്ടു പുഷ്പവൃഷ്ടിയും
[ചെയ്തിതു ദേവകൾ
വിശ്വസംഹാരിതന്നുടെ ബീജത്താൽ, വിശ്വ
[മോഹിനിയ്ക്കുണ്ടായി ഗർഭവും.
ഗർഭംമുററിതികഞ്ഞോരുനേരത്തു് അൽപ്പഭാഷിണി
[തെല്ലൊന്നരുൾചെയ്തു
ശങ്കര! ശിവശംഭോ! ജയജയ! പങ്കജനേത്ര! പാലിച്ചു
[കൊള്ളണം.
സ്ഥാനമില്ല പ്രസവിച്ചുകൊള്ളുവാൻ ദീനതതീർത്തു
[രക്ഷിച്ചുകൊള്ളണം.
ആടൽക്രൂടാതെ പെററുളവാകുവാൻ പീഢതീർത്തു
[വരമരുളീടണം.
ഇങ്ങിനെയരുൾകേട്ടൊരുശങ്കരൻ; അംഗനാമണിയാളോട
[ന്നേരുടൻ.
സുന്ദരാംഗിയെ മെല്ലൊന്നണച്ചുടൻ ചന്ദ്രശേഖരൻ
[തൻെറ നഖംകൊണ്ടു;

വിഷ്ണുതന്റെ തുടപിളൎന്നനേരം വിശാഖത്തിങ്കൽ
[പിറന്നിതു ശാസ്താവ്!

അപ്പോഴെശിവന്തന്നുടെപുത്രനെ, കെൽപ്പോടെ
[തങ്കരത്തിലെടുത്തുടൻ;

ഗംഗയിൽകൊണ്ടുപൊന്നു വിരവോടെ അംഗനാമണി
[യാളോടൊരുമിച്ചു;

നീരാടി ശുദ്ധികലശംകഴിച്ചാരെ പാരാതങ്ങെഴുന്നെള്ളി
[പശുപതി.

പയ്യവെ, ശിവന്തന്നുടെപുത്രനെ, കയ്യപ്പനെന്നു
[നാമമരുളംചെയ്തു.

പാൎവ്വതിയും, ഗിരീശനും, ശാസ്താവും, ജാതകൌതുകം
[പൂണ്ടൊരുമിച്ചിട്ട്

പൎവ്വതാധിപമാമല പുക്കുടൻ സ്വൈരമായി
[വസിച്ചിതെല്ലാവരും

ഇങ്ങിനെയുള്ളവായൊരുശാസ്താവെ! എന്നഴൽതീൎത്തു,
[പാലിച്ചുകൊള്ളണം.

ചാരുതകലരും ശ്രീശൌൎയ്യമലക്കാവിൽ വാണിടും
[പരദൈവമെ! പാഹിമാം!

ഹരിഹരശിവ! പതിനെട്ടാംപടി നമശ്ശിവസുത!
[തൊഴുതാഹം.

## 13. ശൂർപ്പകൻ കവി

രൂപം (അഥവാ) ഏണ്ണിച്ചുഴാദി താളം

1 ഹരിതുങ്ങഗണനാഥനും വാണിയും
പിരിയാതെ മനം തന്നിൽ കുടികൊണ്ടു്
ഹരിഹരസുതൻ തന്നുടെ സൽക്കഥ
ഉരചെയ്യാൻ തുണചെയ്യണമിപ്പോൾ
നരസുരന്മാരെ ഒക്കെമുടിപ്പാൻ
പെരിയ ശൂർപ്പകൻ തപസ്സുതുടങ്ങി
ജലമതിൽ മുങ്ങി ഭസ്മം ധരിച്ചു്
ഇളകാതുള്ള തപസ്സിലുറച്ചു
താടിനീണ്ടു് മോടികുറഞ്ഞു്
മീശനീണ്ടു് ദിക്കുപടർന്നു്
മാറ്റിലെരോമം കൂടിവളർന്നു്
കുറുമരങ്ങളിൽ ചുറ്റിപ്പിടിച്ചു്
കൈകാൽകളിൽ നഖമതുനീണ്ടു്
കാനനത്തിൽ ശൂലവുമായി
ശൂർപ്പകന്റെ തലമുടിജടയിൽ
പല പല പക്ഷികൾ കൂടുചമച്ചു
മയിലും കയറിചേക്കമുളഞ്ഞു
കുയിലും കയറി കൂകിത്തുടങ്ങി
ചുറ്റും കല പുലി പന്നി സിംഹം
വന്നുവലം വെച്ചുതുടങ്ങി
ശൂർപ്പകന്റെ തപസ്സതുകൊണ്ടു്
ശ്രീകൈലാസത്തു് ഉഷ്ണം തുടങ്ങി

ശ്രീകൈലാസത്തെ ഉഷ്ണം സഹിയാതെ
പരമശിവൻ എഴുന്നള്ളി അവിടെ

നാലാംതാളം (അഥവാ) മുത്താളം

2 എന്തു എന്തെന്റെ ശൂർപ്പകനാരെ
എന്തുതനിക്കഭിമതമോഹം
എന്തു തനിക്ക് ആഗ്രഹമെന്ന്
അന്തകവൈരി ചോദിച്ചപ്പോൾ
ഇടങ്ങടെ കന്നൽപോലെ ചുകന്നോരാ-
കട്ടമിഴി രണ്ടും മിഴിച്ചുരചെയ്തു.
എൻവിരൽ കൊണ്ടു് തൊടുന്നവരൊക്കെ
തീക്ഷമരണത്തിന് വരമരുളേണം
കനിവൊടെ ശിവൻ ആ വരം നൽകി
അഴകൊടസുരൻ ആ വരം വാങ്ങി
കൊടുത്തവരത്തിന്റെ തപബലമറിവാൻ
പരമശിവനെ തൊടുവാൻ ചെന്നു
ദുഷ്ടതചെയ്തകിയ ശൂർപ്പകനാരെ
ചെട്ടന്നെന്നെ തൊട്ടീടരുത്
പെട്ടെന്നെന്നെ തൊടുവാൻ വന്നാൽ
ദുഷ്ടാ ഞാനും നിന്നെ വധിക്കും
ദുഷ്ടനെ പേടിച്ചുനാഥൻ
വട്ടമിട്ട് ഓട്ടം തുടങ്ങി
ഓടിപുരഹരൻ കാടൊടെപടലൂടെ
പാടികൈലാസം പുക്ക്

ചാടികൈലാസം വിട്ട്
ഓടി വൈകുണ്ഠത്തിലൊളിച്ചു.

ഏകം (അഥവാ) നാലാം താളം

3 അവിടെ ഇരുന്നിട്ടു പരമശിവനും
ശ്രീകൈലാസത്തെ വേഷമുടക്കി
ശാസ്ത്രിചെയ്യുന്ന എമ്പ്രാന്തിരിയെ
ശാന്തി പൂജാവിളക്കുകൾ വേണ്ടാ
മാലകെട്ടുന്ന വാരസ്യാരെ
മാലകെട്ടി ചാർത്തുകവേണ്ടാ
ശംഖൂതുന്ന ശക്തന്മാരെ
ശംഖൂതുകവേണ്ടാ ഇവിടെ
പാണികൊട്ടും പാവാണികളെ
പാണികൊട്ടി പൂജയും വേണ്ടാ
ഉടുക്കടിക്കുന്ന മലയാളികളെ
ഉടുക്കടിച്ച് പാട്ടുകൾ വേണ്ടാ
കോലടിക്കുന്ന കോൽപിള്ളേരെ
കോലടിക്കളിഘോഷങ്ങൾവേണ്ടാ
പന്തടിക്കുന്ന പമ്പരപിള്ളരെ
പന്തടിക്കളിതകർത്തികൾ വേണ്ടാ
വെടിവെയ്ക്കുന്ന വേന്തന്മാരെ
വെടിവെയ്ക്കുക വേണ്ടാ ഉഴത്തിൽ
വെടിവെയ്ക്കുന്ന ശബ്ദം കേട്ടാൽ
അസുരൻതാൻ ഇവിടെ വസിക്കും

അസുരൻതാൻ ഇവിടെ വസിച്ചാൽ
ശ്രീകൈലാസം തകൃതിപൊടിക്കും
മന്ത്രം തന്ത്രം പൂജ മുടക്കി
പണ്ടേയുള്ള വേലമുടക്കി
പണ്ടേയുള്ള വേലമുടക്കും
കേട്ടെഴുന്നള്ളി മായാവിഷ്ണു.

രൂപം (അഥവാ) എണ്ണിച്ചുഴാദിതാളം.

4 ശ്രീകൈലാസത്തെ വേലമുടക്കും
കേട്ടെഴുന്നള്ളി മായാവിഷ്ണു
ആരാണ് ഏവരുമിതാണ്
ശ്രീകൈലാസത്തെ വേലമുടക്കി
മററാരുമല്ലാ മായാവിഷ്ണുവെ
പരമശിവൻ മുടക്കിയവേല
എന്തു എന്തെൻെറ പരമശിവനെ
ശ്രീകൈലാസത്തെ വേലമുടക്കി
മററൊന്നുമല്ലാ മായാവിഷ്ണുവെ
അസുരനുഞാൻ കൊടുത്ത് വരത്താൽ
ദുഷ്ടന്മാർക്കു കൊടുത്ത വരത്തെ
ഇഷ്ടന്മാർക്കുകൊടുക്കരുതാഞ്ഞോ
പാമ്പിനു പാൽ അമൃത് കൊടുത്താൽ
പല്ലിനുവിഷമേറുകയേയുള്ളൂ
തൻ വിദ്യകളൊക്കെ ഗ്രഹിച്ചാൽ
തന്നോടു കയർക്കും പിന്നെ

ആയതുകൊണ്ടു പേടിക്കവേണ്ട
അസുരനെ കൊലചെയ്തുവരാം ഞാൻ
എന്നരുൾചെയ്തംബുജനയനൻ
വിരവിൽധരിച്ചിതു പെൺമണിവേഷം

നാലാം താളം (അഥവാ മുത്താളം)

5 പൂങ്കുളം ചാടികുളിയും കഴിഞ്ഞു്
പൂന്തുകിലാട ഞെറിവെച്ചുടുത്തു് ... (വീണ്ടും)
അഞ്ജനംകൊണ്ടു കണ്ണുകളെഴുതി ... (വീണ്ടും)
ചന്ദനംകൊണ്ടു കോൽകുറിതൊട്ടു് ... (വീണ്ടും)
ചാന്തു് ചിന്തൂരം പുള്ളികൾ കുത്തി ... വീണ്ടും
തൈലംതൊട്ടു് തലയും മിനുക്കി ... "
ചന്തമേറും തിരുമുടികെട്ടി ... "
മന്ദാരമലർ മാലയണിഞ്ഞു് ... "
സ്വർണ്ണമാല മാറിലണിഞ്ഞു് ... "
വാരസ്യാരുടെ വേഷംധരിച്ചു് ... "
പൂത്തൊട്ടിയൊന്നു് കയ്യിലെടുത്തു് ... "
പൂവ്വുംതേടി നടന്നിതു മായാ ... "
കയറരുതാകുന്നകൾ കയറി ... "
ഇറങ്ങരുതാചോലയിറങ്ങി ... "
ആരുമില്ലാവനത്തിൽ ചെന്നു ... "
പൂക്കൾകൊണ്ടൊരു പന്തൽ ചമച്ചു്
പൂക്കൾകൊണ്ടൊരു പന്തലകത്തു്
പൊന്നമ്പലം തോററിതുമായാ

പൊന്നമ്പലം തിരുനടയിൽ
പൊന്നരയാൽ തോററിയതുമയ്യോ
പൊന്നരയാൽ തൻ മുകളിൽ
പൊന്നുഴിഞ്ഞാൽ തോററിയതു മായാ ... വീണ്ടും
പൊന്നമ്മാനക്കായകൾ തോററി
പൊന്നമ്മാനക്കായയെടുത്തു്
പൊന്നുഴിഞ്ഞാൽ കയറിയിരുന്നു് ... വീണ്ടും
അമ്മാനാട്ടംകളികൾ കഴിഞ്ഞു് ... ,,
നല്ലതാമൊരു വീണയെടുത്തു് ... ,,
നല്ലരാഗം പാട്ടുകൾ പാടി
നല്ലരാഗം പാട്ടുകൾകേട്ടു്
ഓടിയണഞ്ഞിതു ശൂർപ്പകനവിടെ
എന്തു എന്തെൻെറ കൌതുകദേവീ
ആരുമില്ലാവനത്തിലിരിപ്പാൻ
അച്ഛനില്ലെ അമ്മയുമില്ലേ
നിനക്കുതക്കൊരുഭർത്താവില്ലെ
അച്ഛനില്ലാ അമ്മയുമില്ലാ
എനിക്കുവേണ്ടവരാരുമതില്ലാ
എനിക്കുതക്കൊരു ഭർത്താവില്ലാ
അതിനാലെ വനത്തിലിരുന്നു.
നിനക്കുതക്കൊരു ഭർത്താവു് ഞാനെ-
ന്നുറയ്ക്കസുന്ദരീമോഹിനിയാളെ
ഭർത്താവെന്നു പറഞ്ഞാൽപോരാ
മാറിൽതൊട്ടൊരു സത്യംവേണം.

YAM PUBLIC LIBRARY KOTTAYAM

എന്തുസത്യം ഏതൊരു സത്യം
ചെയ്യണം ഞാൻ കൌതുകദേവി
നീയാണു് ഞാനുമിതാണു്
വലംകൈയ്യാണു് എന്നൊരു സത്യം
ഒരുകാലവുമെന്നെ ഉപേക്ഷി-
ച്ചീടുകയില്ലാ എന്നൊരു സത്യം
രക്ഷിക്കാമെന്നൊരു സത്യം
തൽക്ഷണം തരേണമെനിക്കു്
മോഹംകൊണ്ടു് വരത്തെമറന്നു
മാറ്റിൽ അമ്പൊടു കൈവെച്ചസുരൻ
മാറ്റിൽ അമ്പൊടു കൈവെച്ചപ്പോൾ
മരിച്ചു വൻമലപോലെ മറിഞ്ഞു
നീയ്യിവിടെകിടക്കെൻറസുരാ
ഞാൻപോയി നീരാടിവരട്ടെ
ചത്തശവത്തോടു യാത്രപറഞ്ഞു
മോഹിനിയാളെഴുന്നള്ളുന്നു.

---

ചെമ്പടതാളം (അഥവാ) എണ്ണീത്താളം

6 മാധവനും മായാമോഹിനി
മായത്താൽ അസുരനെ ഒടുക്കി
മായത്തോടു പാൽക്കടൽപുക്കു്
വിശേഷത്തെ കേട്ടൊരുഹരനും
എങ്ങിനെ താൻ ശൂർപ്പകനെ കൊല
ചെയ്തുള്ളൂകാണ്കട്ടെ പുരാന്റെ

ഞാനൊരു സുരകാമിനിവേഷം
പൂണ്ടവനെ വധിച്ചേൻ നാഥാ

കാണട്ടെ കാമിനിവേഷം
അതിശയമാം മോഹിനിവേഷം

കാണേണ്ടാ കാമിനിവേഷം
കണ്ടാലുടൻ ഉണ്ടാം മോഹം

പുരുഷൻപോയി സ്ത്രീയുമതായാൽ
മോഹിക്കുക പതിവത് ഉണ്ടോ

പുരഹരനും കോപിതനായി
മുരരിപുവുളുകണ്ഠരചെയ്തു.

കോപത്തെ കളകപുരാനെ
വേഷത്തെ കാണുകവേഗം

ശങ്കരന്റെ കോപമൊളുക്കാൻ
പെൺമണിവടിവായംബുജനയനൻ

---

ത്രിപുട താളം

7 കാറിലേറെ നിറമേറിടുന്നൊരു
വിഷ്ണുമായയുടെകുന്തലിൽ
സാന്ദ്രസൌരഭമിയന്ന മാല്യവും
സുന്ദരാംഗിയവൾ ചൂടിനാൾ
പഞ്ചമിക്കലെ തോററുമണ്ടിടും
ചഞ്ചലാക്ഷിനിടിലസ്ഥലെ

മാരവില്ലിനെ വെല്ലിടുന്നൊരു
പുരികശോഭയതി വിസ്മയം
കഞ്ജനേത്രമതിലമ്പൊടെ അവൾ
അഞ്ജനം എഴുതീടിനാൾ
വള്ളൂപുഷ്പമതിനൊത്ത നാസികാ-
ഗ്രത്തിൽ ഞാത്തുമൂക്കുത്തിയും
കതിരവനുടെ കതിരിനെതിരൊളി
കലരും കുണ്ഡലയുഗ്മവും
കുണ്ഡലങ്ങളെക്കൊണ്ടു മിന്നിടും
ഗണ്ഡമെത്ര, മനോഹരം
തൊണ്ടിത്തൻപഴം തോറ്റു മണ്ടിടും
ചുണ്ടുകളുടെ ഭംഗിയും
മുത്തിനൊത്തു വിളങ്ങിടുന്നൊരു
ദന്തശോഭയതി മോഹനം
ഗളമതിലണിഞ്ഞുള്ള പൊൻമണി
മാലന്തൂല് പതക്കവും
കരമതിൽ തരിവളകളും പിരി-
വളകളും വിരൽ മോതിരം
പന്തിടഞ്ഞ കുളുർകൊങ്കയും നിറം
ചിന്നും രോമാളിഭംഗിയും
മേദുരസ്തനഭരത്തിൽ കുങ്കുമം
മോദമോടവൾ ചാർത്തിനാൾ
ആലിലയതിനൊത്തിടുന്നൊരു
അണിവയർമണിമേനിയാൾ

വെള്ളപ്പൂന്തുകിലുടുത്തു മീതെപൊൻ
കാഞ്ചിയിട്ടരമുറുക്കിനാൾ

തരിമുഴക്കമെഴുള്ള പൊൻചില-
മ്പിട്ടു കാൽകളിൽ രണ്ടിലും

അംബുജാക്ഷിയൊരു പുള്ളിയുള്ള പ-
മ്പട്ടുചേലാ പുതച്ചുടൻ

കരമതിലൊരു പന്തെടുത്തവൾ
മാർഗ്ഗമദ്ധ്യേ വിലസീടിനാൾ

മാരവൈരിയിൽ നിറഞ്ഞുമോഹവും
മാരലീല പൊരുതീടുവാൻ

മാരവൈരിയെ ദൂരെ കണ്ടപ്പോൾ
പന്തടിച്ചു വിളയാടിനാൾ.

പന്തുപോലെ ഗിരീശന്റെ മാനസം
പന്തണിസ്തനികലുക്കിനാൾ

പന്തടിച്ചുലഞ്ഞാടിടുന്നൊരു
ചന്തംകണ്ടു പരമീശനും

കണ്ടുകണ്ട് മദനാർത്തിയും പെരു-
ത്തിണ്ടൽ പൂണ്ടു മനതാരില്

കാലകാലനും മായകൊണ്ട്
വലഞ്ഞു കാമശരമേൽക്കയാൽ

ദക്ഷവൈരിയൊരുനേരം പാർവ്വതിയെ
ദൂരവെ വെടിഞ്ഞീടിനാൻ

കാലകാലനും മായ കൊണ്ടു
കമലാക്ഷനെ പുണർന്നീടിനാൻ

പുണർന്നനാൾമുതൽ മോഹിനിക്കുള-
വായി ഗർഭമുദരത്തിലും.

KOTTAYAM PUBLIC LIBRARY • KOTTAYAM.

## 14. ജനനം.

എണ്ണിച്ചുഴാരി (അഥവാ) രൂപ താളവും
നാലാം താളം (അഥവാ) മുത്താളവും

8 വിഷ്ണുമായാമോഹിനിയാൾക്ക്
ഓമന ഗർഭം നാൾ തികഞ്ഞു
ഒന്നിതാകുന്ന മാസവും പോയി
രണ്ടിതാകുന്ന മാസം പിറന്നു
രണ്ടിതാകുന്ന മാസത്തില്
ഗർഭമുണ്ടെന്നും ഇല്ലെന്നും സംശയം
രണ്ടിതാകുന്ന മാസവും പോയി
മൂന്നിതാകുന്ന മാസം പിറന്നു.
മൂന്നിതാകുന്ന മാസത്തില്
മുളു ഉരുണ്ടു മുലക്കണ്ണും കറുത്തു
മൂന്നിതാകുന്ന മാസവുംപോയി
നാലിതാകുന്ന മാസം പിറന്നു
നാലിതാകുന്ന മാസത്തില്
നാക്കിലപോലെ അടിവയർ പരന്നു
നാലിതാകുന്ന മാസവുംപോയി
അഞ്ചിതാകുന്ന മാസംപിറന്നു.
അഞ്ചിതാകുന്ന മാസത്തില്
പഞ്ചഭൂതികൾ അഞ്ചും തികഞ്ഞു
അഞ്ചിതാകുന്ന മാസവും പോയി
ആറിതാകുന്ന മാസംപിറന്നു.

ആറിതാകുന്ന മാസത്തില്
ആമപോലെ പരുങ്ങിത്തുടങ്ങി.
ആറിതാകുന്ന മാസവും പോയി.
ഏഴിതാകുന്ന മാസം പിറന്നു.
ഏഴിതാകുന്ന മാസത്തില്
എഴുന്തപിള്ള പണിയും മുടിഞ്ഞു
ഏഴിതാകുന്ന മാസവും പോയി
എട്ടിതാകുന്ന മാസം പിറന്നു
എട്ടിതാകുന്ന മാസത്തില്
മൊട്ട മുലയിൽ പാലും ചുരന്നു
എട്ടിതാകുന്ന മാസവും പോയി
ഒമ്പതിതാകും മാസം പിറന്നു
ഒമ്പതാകുന്ന മാസത്തില്
മോഹിനിയാാംക്ക് പുളി കൊടുപ്പാൻ
ദേവലോകത്തെ ദേവകന്നിക
നാഗലോകത്തെ നാഗകന്നിക
സൂര്യ്യലോകത്തെ സൂര്യ്യകന്നിക
ചന്ദ്രലോകത്തെ ചന്ദ്രകന്നിക
ഇങ്ങിനെ നാലു കന്നികവന്ന്
മോഹിനിയാാംക്ക് പുളിയും കൊടുത്തു
ഒമ്പതിതാകും മാസവും പോയി
പത്തിതാകുന്ന മാസം പിറന്നു
പത്തിതാകുന്ന മാസത്തില്
മോഹനിയാാംക്ക് പാരം തളർച്ച

കയ്യും കാലും കഴക്കുന്നെനിക്ക്
കാർവർണ്ണനരെ വരമരുളേണം
മുതുപാരം കഴക്കുന്നെനിക്ക്
മുക്കണ്ണനരെ വരമരുളേണം
സർവ്വാംഗം തളരുന്നെനിക്ക്
സർവ്വേശ്വരാ വരമരുളേണം
മോഹിനിയുടെ മുറവിളികേട്ട്
പരമശിവൻ എഴുന്നള്ളി വന്നു
മോഹിനിയുടെ കയ്യും പിടിച്ച്
പൂമരത്തിന്റെ നിഴലിൽ ചെന്ന്
പരമശിവനുടെ തൃക്കൈക്കൊണ്ട്
അടിവയർ മെല്ലെ തൊട്ടു തലോടി
പിടിവള്ളി വിട്ടു പിള്ള
കരണം മറിയുന്നു
ശിവ! ശിവാ ശിവ! ശിവാ
ശിവ! ശിവാ ശിവ! ശിവാ
ശിവനെ വിളിച്ചവൾ
ഓതിക്കരയുന്നു
പ്രസവവേദന
സഹിച്ചുക്കൂടാഹരനെ
പെരുനേരം സഹിക്കേണ്ടാ
മോഹിനിയാളെ നീ
വിനനാഴികപോലും
സഹിച്ചുക്കൂടാ ഹരനെ

പ്രസവ വേദന
അറിഞ്ഞവളല്ലാ ഞാൻ
പേററു നോവെന്നത്
കേട്ടിട്ടെയുള്ളു ഞാൻ
മോഹിനിയാളുടെ
നിലവിളി സഹിയാഞ്ഞ്
പരമശിവൻടെ
അണിവിരൽ നഖരാൽ
മോഹിനിയാളുടെ
വലംതുടാ കീറുന്നു
കയ്യിൽ വെള്ള ആടവിരിച്ച്
മീതെ വീരാളിപട്ടും വിരിച്ച്
തൃക്കൈരണ്ടും മലത്തിക്കാട്ടി
കയ്യിൽ മോഹിനി പ്രസവം ചെയ്തു
കയ്യിൽ മോഹിനി പ്രസവം ചെയ്ത്
വിഷ്ണുമായ മറഞ്ഞും പോയി
പുഷ്പവൃഷ്ടികൾ ചെയ്തു ദേവകൾ
ഭൂതനാഥൻെറ മേനിയിൽ
സാക്ഷാൽ നാരദൻ സാക്ഷിയായുടൻ
എത്തിസന്നിധി തന്നില്
ഇങ്ങിനെ സ്തുതിക്കുന്നടിയന്
മംഗളം വരുത്തേണമേ
പിഴവരാതെ പൊന്നമ്പലത്തി-
ലമർന്ന നാഥാ പാഹിമാം

ഹരിഹരാ നന്ദനാ
ശരണം പൊന്നയ്യപ്പാ
അടിയങ്ങളിതാ പാദം
സതതം കൈതൊഴുന്നേൻ
ഹരിപുരഹരസുത പതിനെട്ടാംപടിവാഴും
ശിവവരസുത! തവ പദതളിർ തൊഴുന്നേൻ

---

## 15. ജനനത്തിനുശേഷം.

തൃപുടതാളം

പുരഹരൻ തിരുകരമതിൽ പിറ-
ന്നുള്ള പൈതലാണയ്യപ്പൻ
വിഷ്ണുമായയും പുരഹരനൊട്ട്
യാത്ര ചൊല്ലി മറഞ്ഞുപോയി
കാലകാലനും ബാലനെ കര-
താരിലന്മോടെടുത്തുടൻ
ഇന്ദുശേഖരൻ ശങ്കരൻ തന്നി-
ക്കൊന്നു തോന്നി മനതാരില്
മംഗളാംഗി മണിയെന്റെ കാന്തയോ-
ടെങ്ങിനെ ഇതു പറയും ഞാൻ
ഇത്തരം വിചാരിച്ചു ശങ്കരൻ
സത്വരം ഗമിച്ചീടിനാൻ
പാർവ്വതീ പതിയായ ശങ്കരൻ
ചെന്നു പാർവ്വതീ സന്നിധൌ

ചെന്നനേരമയ്യ കണ്ടു പാർവ്വതി
ഒന്ന് പുഞ്ചിരി പൂണ്ടുടൻ
തിങ്കൾ ചൂഡനാം ശങ്കരനോടു
മങ്കയാൾ ചോദിച്ചീടിനാൾ
സ്മരശരരിപോ തവകരമതിൽ
എന്തു വിസ്മയമാണിതു്
കാലകാലകമലാസ്ത്രനാശന!
ബാലകനിവനേതഹോ
ഗിരിമകളുടെ ചോദ്യമിങ്ങിനെ
ഗിരീശനൻപൊടു കേട്ടുടൻ
ലജ്ജപൂണ്ടതി മന്ദമന്ദമായ്
ധൂർജ്ജടി അരുൾ ചെയ്തിതു്
മായയിൽ ഭ്രമിക്കാതെയുള്ളവർ
ആയതാക്ഷി! ഇന്നാരഹോ
എന്നമല്ലഖിലേശനാകിയാ
വിഷ്ണുമായയെ കണ്ടു ഞാൻ
വണ്ടണിക്കുഴലാളെയൻപൊടെ
കണ്ടനേരമെൻ മാനസേ
സ്മരശരാർത്തി പിടിപെട്ടു ഞാനവളെ
പരിചൊടെ പുണർന്നെൻ പ്രിയെ
ദിവ്യഗർഭമായ് അവളിൽനിന്നു
പിറന്ന പൈതലാണിവനഹോ
ബാലനെ കളിപ്പിച്ചു നിൻമുല-
പ്പാൽകൊടുത്തു വളർത്തുക

KOTTAYAM PUBLIC LIBRARY KOTTAYAM.

ഇത്തരം പറഞ്ഞാശു പാർവ്വതീ-
ഹസ്തതാരതിൽ നൽകിനാൻ
ഹസ്തതാരതിൽ വാങ്ങി ബാലനെ
സത്വരം കളിപ്പിച്ചുടൻ
ബാലനെ കളിപ്പിച്ചു തൻ മുല-
പ്പാൽ കൊടുത്തുമതികൌതുകാൽ
ദിവ്യനാരിമാർക്കൊക്കെയും മുല-
പ്പാൽ ചുരന്നു കണ്ടപ്പൊഴെ
പത്തോളം പുലവഞ്ജനം പതി-
നൊന്നിലാശു പുണ്യാഹവും
പൊൻമകൻ പിറന്നുള്ള ലക്ഷണം
നന്മയോടറിഞ്ഞാദരാൽ
ജാതകർമ്മാദിയൊക്കവെ ഹരൻ
സാമോദം കഴിച്ചീടിനാൻ
ഹരിഹര! ശിവ! കനക പുരഹര!
പരമശിവസുത! കൈതൊഴാം.

## 16. ഇരുപത്തെട്ട്.

ഏകം (അഥവാ) നാലാംതാളം

പരമേശ്വരന്റെ പുത്തിരനാക്കു്
ഇരുപത്തെട്ടിനു് പേർനാമമങ്ങാം
ചാലവെ വരിനെല്ലതുകുത്തി
വെള്ളരിയുടെ കല്ലുകളഞ്ഞു്

ശക്കരയും പാൽപഴം തേനും
ചേത്തുടനെ അമൃതിനൊരുക്കി
താനും പുത്തിരനാരും പോയി
നീരാടി നിയമങ്ങൾ കഴിഞ്ഞു്
ചന്ദനകളഭം കുറികൾ വരച്ചു
അഞ്ജനമതിനാൽ കണ്ണുകളെഴുതി
അഞ്ജനമതിനാൽ കണ്ണുകളെഴുതി
ചാന്തു ചിന്ദൂരം പുള്ളികൾ കുത്തി
ചന്തമോടെ അന്തകവൈരി
തൻതിരുമകനെ മടിയിലിരുത്തി
വളതളമണിമോതിരം നൂലും
അരയ്ക്കു് ആഭരണം ചാത്തിക്കൊടുത്തു
നല്ലൊരുരാശിമുഹൂത്തം നോക്കി
തൻതിരുമകനു് അരച്ചുകൊടുപ്പാൻ
അഴകൊടെ വേഗാൽ അരച്ചുകൊടുത്തു
നവരത്നങ്ങൾ വയമ്പു കടുക്ക
നല്ലൊരു രാശി മുഹൂത്തം നോക്കി
തൻതിരുമകനു് അമൃതം കൊടുത്തു
അയ്യപ്പനെന്നീ ശാസ്താവെന്നു്
തിരുനാമങ്ങൾ പേരരുൾ ചെയ്തു
ഈശനും ഗിരിമകളും പൊൻമകനും
ഏഴാം മണിമാളികയിൽ വസിച്ചു.

## 17. ജാതകം.

ത്രിപുടതാളം

ഹരിഹരസുതന്റെ തൻെറ ജാതകം
പരിചൊടെ ഗണിച്ചീടുവാൻ
ചിന്തയിൽ നിരൂപിച്ചു ശങ്കരൻ
ചന്തമോടുരച്ചീടിനാൻ
മൃത്യുവൈരിതൻ ഭൃത്യനെ വിളി-
ച്ചാത്തമോദമൊടു ചൊല്ലിനാൻ
എൻമകന്റെ ജാതകം ഒന്ന്
നന്മയിൽ ഗണിച്ചെഴുതണം
ചെന്നു നീ വരുത്തീടണം ചതുർ-
വേദിയരെ അതിവേഗമായി
ശങ്കരന്റെ കല്പനക്ക
നടന്നു ശങ്കവെടിഞ്ഞവൻ
ചെന്നുടൻ ചതുർവേദിസന്നിധൌ
ഇന്ദുശേഖരഭൃത്യനും
ഭൃത്യനെ കണ്ടനേരം വേദിയർ
ഭക്തിയോടു ചോദിച്ചുടൻ
എവിടെനിന്നു വരുന്നു താനിവിടെ
വന്ന കാരണം പറയുക
മുപ്പുരാന്തകൻ അയച്ചു പോന്നു ഞാൻ
അറിക വേദിയാരെ നിങ്ങളും
ഹരിഹരതനയൻ തൻെറ ജാതകം
പരിചൊടെ ഗണിച്ചീടണം

അതിന്നു പോരികാ വേണമിന്ന് ചതുർ
വേദിയരെ അതിവേഗമായി
ദൂതവാക്യമതു കേട്ടു വേദിയർ
സാദരം പുറപ്പെട്ടുടൻ
വേദപുസ്തകവും കവിടിസഞ്ചി
പഞ്ചാംഗവും എടുത്താദരാൽ
ഇന്ദുശേഖരൻ തന്റെ മുമ്പിലും
ചെന്നുനിന്നു വണങ്ങിനാൻ
വേദപലക കൊടുത്തിരുത്തിയു
മോദമോടു ശിവശങ്കരൻ
വിളക്കും വെള്ളരിനിറയും പൊൻപണം
താംബൂലാദികളും വെച്ചുടൻ
ഈശനും ഗിരിമകളും പൊന്മകനെ
മടിയിൽവെച്ചിരുന്നീടിനാർ
രാശിയങ്ങു വരച്ചു വേദിയർ
ആശു പുരഹരൻ മുമ്പിലായി
ഏണപാണിയും ഗുരുഗണപതി
വാണിയും തുണച്ചീടണം
പിഴകളൊന്നും വരാതെ ഇന്നെനി-
ക്കറുമുഖൻ തുണച്ചീടണം
ആഴ്ചരാശിയും നാളും പക്കവും
വീഴ്ചവിട്ടു ഗണിച്ചുടൻ
അതിന്നുടെ ഗുണദോഷമൊക്കെയും
മതിയിലോർത്തു ചൊല്ലീടിനാൻ

എടവലഗ്നമതു മന്ദവാരവും
മകരമാസവുമതി ശുഭം
ഉത്രത്തിക്കാല് നാളതാകയാൽ
ചിത്രമായി വരും കാര്യവും
പഞ്ചമീപക്കം ചിങ്ങക്കൂറിവന്
നെഞ്ചകത്ത് വ്യസനം വരും
ഗ്രഹനിലയതു് ചന്ദ്രൻ ആറിലും
രാഹുപത്തിലായ് നില്ക്കയും
കേതു നാലിലും ചൊവ്വ ഏഴിലും
ബാധകൂടാതെ നിന്നുടൻ
വമ്പനാം ശനി മൂന്നിലും പിന്നെ
ഒമ്പതിൽ ബുധൻ സൂര്യനും
രണ്ടിൽ നിന്നിതു ഗുളികനാദരാൽ
ശങ്കകൂടാതെയും ബലാൽ
നിന്നിതു ഗുരുശുക്രനും പതി-
നൊന്നിലെന്നു ധരിക്കുക
ജാതകമൊന്നുനോക്കിലോ ഇവൻ
വേദപാരഗനായിടും
വില്ലിനും ചുരികക്കിവനൊരു
വല്ലഭനായി വന്നീടും
ഏഴുമന്നരെ ജയിച്ചിവനൊരു
അധിപതിയായി വാണിടും
മാനുഷർക്കു് കുലദൈവമായി വരും
മാനമോടിവൻ മന്നനും

പനയുടെ മധുകുടിച്ചിവനു പല
ദോഷവും വന്നു ചേർന്നിടും
ഭാര്യമാർ ഇവനു രണ്ടു പേരുണ്ടു്
കാര്യമില്ലാ ധരിക്കുക
ഇത്തരം ശിവസുതൻെറ ജാതകം
സത്വരം ഗണിച്ചാദരാൽ
മൃത്യുവൈരിയുടെ ഹസ്തതാരതിൽ
ജാതകം കൊടുത്താൻ മുദാ
ജാതകത്തെയും വാങ്ങി ശങ്കരൻ
ദക്ഷിണ കൊടുത്തീടിനാൻ
ദക്ഷവൈരിയെ വണങ്ങി വേദിയർ
തൽക്ഷണം ഗമിച്ചീടിനാൻ
ഹരിഹര! ശിവാ കനകപുരഹര!
പരമശിവസുത! കൈതൊഴാം.

---

## 18. മധു കുടിച്ചു് കുലം പിഴച്ച കഥ.

ഏണ്ണിച്ചുഴാദി (അഥവാ) മുത്താളം

1 ശ്രീകൈലാസത്തെ പൊന്മകനാരുടെ
കഥ പരിചൊടെ പാടുന്നു ഞങ്ങൾ
ഹരനുടെ തിരുമകനാമയ്യൻ
നല്ലച്ഛൻെറ അരികത്തു് ചെന്നു്
ചൊല്ലുചൊല്ലെൻെറ നല്ലഛാ സ്വല്പം
ദേവലോകത്തു് ഉള്ളൊരു വാത്താ

എന്തിനെന്റെ പൊന്മകനുണ്ണീ
ദേവലോകത്തെ വാർത്ത അറിയുന്നു
ദേവലോകത്ത് പോകണം അച്ഛാ
ദേവാശാനെ കാണുക വേണം
ദേവാശാനെ കാണുക വേണം
വേദസാരം പഠിക്കുക വേണം
ദേവലോകത്തു് പോകേണ്ട മകനെ
ദേവാശാനെ കാണുക വേണ്ടാ
ദേവാശാനെ കാണുക വേണ്ടാ
വേദസാരം പഠിക്കുക വേണ്ടാ
ദേവലോകത്തെ ദേവാദികൾക്ക്
ചതി പലതുണ്ട് പൊന്മകനാരെ
പണ്ട് ഞാനെന്റെ ഇളയവയസ്സിൽ
ദേവലോകത്ത് എഴുത്തിനായിപ്പോയി
അന്നെന്റെ വലം തുടയിന്മേൽ
ആരിയൻ മണെകിട്ട തിരുമ്മി
അന്നുണ്ടായ മനോദുഃഖമെനിക്ക്
ഇന്നും കൂടി തീർന്നിട്ടില്ല മകനെ
ആയതു കൊണ്ടു പോകുക വേണ്ടാ
വേദസാരം പഠിപ്പതിനായി
ദേവലോകത്ത് പോകുക വേണം
ദേവാശാനെ കാണുക വേണം
അച്ഛൻ താനറിയാതെതന്നെ
കളിവില്ലൊന്ന് കയ്യിലെടുത്ത്

അമ്മ താനറിയാതെത്തന്നെ
പോക്കണം പുലിത്തോലുമെടുത്ത്
സഖിമാരറിയാതെ ചെന്ന്
പട്ടുടയാട കയ്യിലെടുത്ത്
ശ്രീകൈലാസത്തിൽനിന്നുമിറങ്ങി
ദേവലോകത്ത് ചെന്നങ്ങിറങ്ങി
അമരാവതിതൻ മുമ്പിലും ചെന്ന്
ദേവകളെ വിളിയും തുടങ്ങി
കണ്ടുനയ്യന്റെ വിളിയതു കേട്ട്
ദേവകൾ സ്വർഗ്ഗവാതിൽ തുറന്നു

ഏകം അഥവാ നാലാം താളം

2 പൊന്മകനാരെ കണ്ടൊരു നേരം
ഒന്നരുളും ചെയ്തു ദേവാശാനും
ശ്രീകൈലാസത്തെ പൊന്മകനാരെ
എന്തിനായി ഇവിടേക്കു വന്നു
പല പല ദിശി ഒക്കെ നടന്നു
വലഞ്ഞു വരുന്നിതു ഞാനും
വേദം കൊണ്ടൊന്നു വിസ്തരിപ്പാനായി
ആരേയും എങ്ങും കണ്ടതുമില്ലാ
ദേവലോകത്തെ ദേവകളോട്
വേദം കൊണ്ടൊന്ന് വിസ്തരിക്കേണം

ആയതു കേട്ട ദേവാശാനും
പുഞ്ചിരിയോടെ ഒന്നരുളം ചെയ്തു
വേദവിസ്താരം വേണമതെങ്കിൽ
പണയം ചൊല്ലി വിസ്തരിക്കേണം
വേദത്തിൽ ഞാൻ തോററു പോയെങ്കിൽ
ശ്രീകൈലാസം ഒഴിച്ചു തന്നേക്കാം
വേദത്തിൽ ഞങ്ങൾ തോററു പോയെങ്കിൽ
മണിമണ്ഡപമുടനെ ഒഴിച്ചു തന്നേക്കാം.
പണയം ചൊല്ലി അവർ ഇരുപേരും
കുറി ഓലയിൽ ചാർത്തുക ചെയ്തു.

---

മുത്താളം

3 ഒന്നിതാകുന്ന വേദം കൊണ്ടു്
വിസ്തരിച്ചു ദേവകളപ്പോൾ
ഒന്നിതാകുന്ന വേദത്തിൻെറ
പൊരുൾ പറഞ്ഞു തിരുമണി കണ്ഠൻ
രണ്ടിതാകും വേദം കൊണ്ടു്
വിസ്തരിച്ചു ദേവകളപ്പോൾ
രണ്ടിതാകും വേദത്തിൻെറ
പൊരുൾ പറഞ്ഞു കണ്ഠനയ്യൻ
മൂന്നിതാകും വേദം കൊണ്ടു്
വിസ്തരിച്ചു ദേവകളപ്പോൾ
മൂന്നിതാകുന്ന വേദത്തിൻെറ
പൊരുൾ പറഞ്ഞു പൊന്മകനാരു്

മൂന്നുവേദം വിസ്തരിച്ചില്ലേ
ഒരു വേദം വിവരിക്കാം ഞാൻ
നാലിതാകുന്ന വേദംകൊണ്ട്
വിസ്തരിച്ചു പൊന്മകനുണ്ണി
നാലിതാകുന്ന വേദത്തിൻെറ
പൊരുളാംതിരിയാദേവകളാംക്കപ്പോൾ
പൊരുളാം തിരിയാദേവാദികളെ
മണിമണ്ഡപമൊഴിഞ്ഞു തരേണം
ഇന്നു നേരമതിത്രെയായില്ലെ
നാളെ പുലർകാലെ ഒഴിഞ്ഞേക്കാം
അന്നുണിന്നരിയും വാങ്ങി
മറുവീടതിൽ ഉരുണിളകൊണ്ടു.

4 അന്നത്തെ രാവള്ളുകൊണ്ട്
ദേവകളൊരു കുസൃതിപ്പണിചെയ്തു
മണ്ഡപത്തിൻെറ തിരുനടയിൽ
ഗണപതിക്കു ഹോമം തുടങ്ങി
ഹോമത്തിൻെറ തിരുനടുവിൽ
കോളിയെന്ന കരിമ്പനതോററി
കോളിയെന്ന കരിമ്പനയെ
ആയിരംകോൽ ഉയരമതാക്കി
ആയിരംകോൽ ഉയരംതോററി
ആയിരം മടലോല ചമച്ചു
ആയിരം മടലോല ചമച്ചു
ആയിരം പെൺകിളിക്കൂട്ടം ചമച്ചു

ആയിരം പൊൺകിളിക്കൂട്ടം ചമച്ച്
മധുവിരിക്കുന്ന കുരലുംതോററി
പിററന്നാറം പുലർകാലെ
കണ്ടുനയ്യനെഴുന്നള്ളുന്നേരം
എന്താണിതു് ദേവാദികളെ
മണ്ഡപത്തിൽ പനകാണുന്നു
അന്നു് ഞങ്ങറം പറയാത്തപൊരുറം
ഇന്നീപ്പനയിൽ കാണുകവേഗം
ദേവകളും ഒത്തു നിനച്ചു
അയ്യനെച്ചതിചെയ്യണമെന്നു്.
അയ്യനെച്ചതിചെയ്യുവതിന്നായി
അരുറംചെയ്തു ദേവകളപ്പോറം
വില്ലിനു് താൻ വിരുതനാണെന്നു്
കേട്ടുകേറംവി ഞങ്ങറംകണ്ടു്
വില്ലിനുതാൻ വിരുതനാണെങ്കിൽ
ഇപ്പനയുടെ കുരലെയ്തു മുറിയ്ക്കു്
ഇപ്പനയുടെ കുരലൊടുക്കൂടി
ആയിരം മടൽ ഓല അരിയണം
ആയിരം മടലോല അരിയണം
ആയിരം പൊൺകിളി ശിരസ്സുമരിയണം
ആയതിനെ കേട്ടൊരുനേരം
മോഹിനീസുതൻ ഒന്നരുറം ചെയ്തു
കുലവില്ലെൻെറ കയ്യിലതില്ലാ
കുളിവില്ലേ കയ്യിലതുള്ളു

39225

വില്ലിനു താൻ വിരുതനാണെങ്കിൽ
കുലവില്ല് കയ്യിലുണ്ടാം
ആയതിനെ കേട്ടൊരുനേരം
കണ്ടനയ്യന് കോപം കലർന്നു
കണ്ടനയ്യന് കോപം കലർന്ന്
ഞെഴനില്ലും കാട്ടിൽ ചെന്നു
ഞെഴനില്ലും കാട്ടിൽ ചെന്ന്
ഞെഴവിൻ കോൽ ഒന്നങ്ങുവെട്ടി
ഞെഴവിൻ കോൽ ഒന്നങ്ങുവെട്ടി
കുലവില്ലിന് പാത്തിയായി തോറ്റി
വയറതന്നുടെ വള്ളിവലിച്ച്
കുലവില്ലിന് ഞാണതുപൂട്ടി
നൊച്ചിതന്നുടെ കോലൊന്നൊടിച്ച്
കുലവില്ലിനു പൊൻശരമാക്കി
മുല്ലമൊട്ട് ഒന്നങ്ങറുത്ത്
പൊൻശരത്തിന് ക്രൂരമ്പം വെച്ചു
കുലവില്ല് കയ്യിലെടുത്ത്
പനതന്റെ ചുവട്ടിൽ ചെന്നു
പനതന്റെ ചുവട്ടിൽ ചെന്ന്
പനമൂന്നു പ്രദക്ഷിണം വെച്ചു
പനമൂന്ന് പ്രദക്ഷിണം വെച്ച്
പനതൊട്ട് നെറുകയിൽ വെച്ചു
പരമശിവാ എന്നുടെ അച്ഛാ
കുലവില്ലിനു തുണയാകണമേ

തയ്യിൽ മോഹിനി ഉമയാളമ്മെ
കലവില്ലിനു തുണയാകണമെ
നല്ലപ്പനെ മനസ്സിൽ നിനച്ചു
പിന്നാക്കമൊരേഴടിമാറി
പിന്നാക്കമൊരേഴടിമാറി
വിൽകുലച്ചു ശരവും തൊടുത്തു
മേല്പോട്ട് പോയശരത്താൽ
ആയിരം മടലോല അരിഞ്ഞു
ആയിരം മടലോല അരിഞ്ഞു
ആയിരം പൊൻകിളി ശിരസ്സുമരിഞ്ഞു
കീഴ്പോട്ട് പോന്ന ശരത്താൽ
അപ്പനയുടെ കുരലെയ്തുമുറിച്ചു
പനതന്റെ കുലററിട്ട്
ഒഴുകുന്ന മധുവിനെ കണ്ടു

മുത്താളം

5 ഒഴുകുന്ന മധുവിനെകണ്ട്
അരുൾചെയ്തു ദേവകളപ്പോൾ
അയ്യാ എന്റെ പൊന്മകനാരെ
മണ്ഡപത്തിൽ മധുവീഴല്ലെ
മണ്ഡപത്തിൽ മധുവതുവീണാൽ
ദേവലോകം ഭസ്മമായിപ്പോകും

അതിന്നിപ്പോൾ എന്തുവേണമെ-
ന്നരുൾചെയ്കാ ദേവാദികളെ
താനെസ്ഥപനയുടെ മധു
കയ്യിണയിൽ വാങ്ങുകവേഗം
ദേവകളുടെ വാക്കളെകേട്ട്
തൃക്കൈകൊട്ടി മധുവിനെ വാങ്ങി
കൈനിറഞ്ഞൊഴുകുന്ന മധുവെ
എന്തുവേണം ദേവാദികളെ
താനെസ്ഥ പനയുടെ മധു
താൻ തന്നെഭുജിക്കുകവേണം
ദേവകളുടെ വാക്കളെ കേട്ടു
കണ്ടനയ്യൻ മധുവും കുടിച്ചു
മധുപാനം ചെയ്തൊരുനേരം
പറഞ്ഞു ദേവകളപ്പോൾ
മധുകുടിച്ചു കുലംപിഴച്ചു
മലയാളി സേവകനെ താൻ
തീണ്ടല്ലെ മലയാളീതാൻ
മണ്ഡപത്തെ തൊട്ടീടരുതെ
ദേവകളുടെ വാക്കളെകേട്ട്
കണ്ടനയ്യനു കോപംകലർന്നു
കുലവില്ല് കയ്യിലെടുത്ത്
വിൽകുലച്ചു ശരവും തൊടുത്തു
ദേവകളൊക്കെ ഓടിയൊളിച്ചു
നാലുദിക്കുമകന്നൊരു ശേഷം

ദേവലോകത്തു് നിന്നങ്ങിറങ്ങി
നല്ലപ്പന്റെ മുമ്പിൽ ചെന്നു
പൊന്മകനാരെ കണ്ടൊരുനേരം
ഒന്നരുടാംചെയ്തു ശങ്കരനാരും
എന്തു എന്തെന്റെ പൊന്മകനാരെ
ഇത്രനാളും എവിടേക്കപോയി
ദേവലോകത്തു് പോയി ഞാനപ്പാ
അവരെന്നെ മധു കുടിപ്പിച്ചു
മധുകുടിപ്പിച്ചു കുലവും പിഴപ്പിച്ചു
ഇറക്കി അവരെന്നെ മണ്ഡപംതാഴെ
ദേവലോകത്തു് പോകരുതെന്നു്
പറഞ്ഞില്ലേ പൊന്മകനാരെ
പാണ്ടിമലയാളത്തുപോയി
മാനുഷർക്കു് കുലദൈവമായി വാഴ്ക
ശബരിമലാപൊന്നമ്പലത്തിൽ
കേരളം കുടികൊണ്ടുവസിക്ക്
ആപത്തു് വരുന്നവർക്കെല്ലാം
വരംനൽകി പൂജയുംവാങ്ങ്
അപ്പനോട്ടു് വരവുംവാങ്ങി
നടന്നുപോയ് പൊന്മകനാരും

## 19. വാവർപാട്ടു്.

ദ്വാപരയുഗം കാലത്തിങ്കൽ മഹാവിഷ്ണു
[ചെയ്യോരരിംതപം
ത്രിപുരന്മാരെ നിഗ്രഹിപ്പാനായി തങ്ങളുടെ
[വേഷംധരിച്ചു്;
താടി, മീശ,യുഴിഞ്ഞുവലിച്ചു് വീരാളിപ്പട്ടൊന്നെടുത്തു്;
വീരാളിപ്പട്ടൊന്നെടുത്തു് നാത്തിയ്ങ്ങുടുക്കുന്നു തങ്ങടാം;
അരപ്പുറമെ ചരടുംവലിച്ചു് ചരടിന്മേൽ പൊന്നേലസ്സു്;
ഏലഞ്ഞിക്കുരു കയ്യിലെടുത്തു് മാലയാക്കി കോർത്തുവലിച്ചു
മാലയാക്കി കോർത്തുവലിച്ചു് തങ്ങളുടെ കഴുത്തിലങ്ങിട്ടു്
ഹള്ള ഹല്ലില്ല,സ്വയിലള്ളാ!യെന്ന നാലാംവേദമാടിയുരച്ചു
നാലാംവേദവും ചൊല്ലിക്കൊണ്ടു് ശ്രീപരമീശൻ തിരുമു-
[മ്പിൽ ചെന്നു്
എന്തു്? എന്തെടൊ? മായാവിഷ്ണു! തങ്ങളുടെവേഷം
[ധരിച്ചു്
തങ്ങളുടെ വേഷംധരിച്ചു് ഇവിടെവന്നൊരു കാര്യമിതെന്തു്
ഇവിടെ വന്നൊരു കാരിയമെന്തു? ചൊല്ലുചൊല്ലെടൊ
[മായാവിഷ്ണു,
ഇവിടത്തെയൊരുണ്ണി ത്രിപുരന്മാരുടെ ഉപദ്രവത്താലെ
[വന്നിളു ഞാനു്
ത്രിപുമന്മാരെ വധിപ്പതിന്നായി തങ്ങളുടെ വേഷംധരിച്ചു്.
അവരെ നീയെങ്ങിനെ വധിയ്ക്കും ചൊല്ലു! ചൊല്ലെടൊ
[മായാവിഷ്ണു!
ശിവലിംഗം പൂജയുണ്ടു് സാളഗ്രാമം പൂജയുമുണ്ടു്;
ശിവനേയും വിഷ്ണുവിനേയും നിത്യമായി സേവയുണ്ടു്,

വില്വപത്രംകൊണ്ടവര് മൂന്നുനേരമർച്ചനചെയ്യും,
ഇങ്ങിനെയുള്ള ത്രിപുരന്മാരെ യെങ്ങിനെവധിയ്ക്കുന്നതാന്
എന്നതുകേട്ട മായാവിഷ്ണു ത്രിപുരന്മാരുടെ മുമ്പിലുംചെന്നു;
ത്രിപുരന്മാരുടെ മുമ്പിൽചെന്നപ്പോൾ കണ്ണടച്ചു
[തപസ്സുമവര്
അവിടെനിന്നു തങ്ങളുമപ്പോൾനാലാംവേദമാടിയുരചെയ്തു;
നാലാംവേദം കേട്ടസമയം ത്രിപുരന്മാരും കണ്ണുമിഴിച്ചു;
ത്രിപുരന്മാരുടെ കണ്ണുമിഴിച്ചപ്പോൾ തങ്ങളെത്തന്നെ
[കാണുകചെയ്തു;
എന്തുജാതി യേതൊരുകുലം? എവിടുന്നു വരുന്നിതുതാനും?
മക്കത്തിൽനിന്നു വരുന്നിതു ഞാനും തങ്ങളെന്നു
[ചോദ്യമെന്നിയ്ക്ക്
എന്തിന്നായിട്ടുവന്നതിവിടെ? ചൊല്ലു,ചൊല്ലെടൊ!
[തങ്ങളെ താനും;
നിങ്ങൾക്കിപ്പോളാരുടെസേവ ചൊല്ലു,ചൊല്ലെടൊ!
[ത്രിപുരന്മാരെ!
ഞങ്ങൾക്കിപ്പോൾ ശിവനെസ്സേവ കേൾക്ക,
[കേൾക്കടൊ! തങ്ങളെ, താനും,
എന്തിന്നായിട്ടു? ശിവനെസ്സേവ ചിന്തിതങ്ങൾ
[ചെയ്യുകയില്ല,
പണ്ടു പാണ്ഡുകുമാരനൊരുവൻ അർജ്ജുനനാമ-
[മിയന്നൊരുവീരൻ,
പന്തീരാണ്ടുകാലം തപസ്സാൽ പരമീശനെസ്സേവയുംചെയ്തു;
തല്ലും,കുത്തും, ചവിട്ടുംകൊണ്ടു് എല്ലാതൊക്കെ
[നരുങ്ങിയവൻെറ,

എന്നതുപോലെ നിങ്ങൾക്കൊരുദിനം താഡനവും
[ലഭിയ്ക്കുമാറായി,
പാർവ്വതിയെന്ന ഭാര്യയുമുണ്ട് അവളുടെ വളമ്മവിശേഷം,
അവളുടെ വളമ്മവിശേഷം കേട്ടിട്ടുണ്ടോ? ത്രിപുരന്മാരെ,
കോട്ടയുണ്ട്, കോവിലകമുണ്ട് പാലക്കായയെന്നതുപോലെ,
പാലക്കായയെന്നതുപോലെ പാർവ്വതിയുടെ തലമുടിയുണ്ട്,
ഉടുപ്പാനൊരു ആടയുമില്ല പുലിതോലെ ഉടുപ്പുതവരു്,
അന്നംതാനെ ഭുജിപ്പാനില്ല മണ്ണുവാരിതിന്നുമവരു്,
തൈലന്തന്നെ തേപ്പാനില്ല ചാരം വാരി തിരുമ്പുമവരു്,
ഇങ്ങിനെയുള്ള ശിവനെ നിങ്ങളെന്തിനായിട്ട
[സേവിയ്ക്കുന്നിപ്പോൾ,
ഇനിയെന്തുവേണ്ടതു ഞങ്ങൾ? ചൊല്ല്,ചൊല്ലെടൊ
[തങ്ങളെതാനും,
ഇനിവേണ്ടുന്നകാര്യം നിങ്ങൾ നാലാംവേദം
[പഠിച്ചുകൊൾവിൻ,
നാലാംവേദം പഠിച്ചുകൊണ്ടാലോ ചൊന്നതൊക്കെ
[ലഭിയ്ക്കുംചെയ്യും,
നാലാംവേദം പഠിയ്ക്കേണമെങ്കിൽ ചൊന്നപോലെ
[കേൾക്കവേണം,
ശിവലിംഗം തല്ലിപ്പൊളിയ്ക്കിൻ സാളഗ്രാമം
[സമുദ്രത്തിലെറിവിൻ,
ശിവനില്ല, ശിവനില്ലായെന്നു് നാലാംവേദമാടി
[യുരചെയ്യിൻ,
തങ്ങളുടെ വാക്കതുകേട്ട ശിവലിംഗം തല്ലിപ്പൊളിച്ചു്,
ശിവലിംഗം തല്ലിപ്പൊളിച്ചു് സാളഗ്രാമം
[സമുദ്രത്തിലെറിഞ്ഞു,

ശിവനില്ല ശിവനില്ലായെന്നു് നാലാംവേദമാടിയുര,ചെയ്തു,
ശിവലിംഗം പൊളിച്ചസമയം ശിവന്തന്റെ
[ശിരസ്സതുപൊട്ടി;
ശിവന്തന്റെ ശിരസ്സതുപൊട്ടി രക്തന്താനെ
[യൊലിയ്ക്കുന്നതുകണ്ടു്,
രക്തമങ്ങൊഴുകിത്തുടങ്ങിയപ്പോൾ മായാവിഷ്ണു
[നിലനിർത്തിയവിടെ,
പരമീശ്വരന്റെ തിരുമുമ്പിൽ ചെന്നപ്പോൾ
[രക്തംതാനെ യൊലിയ്ക്കുന്നതുണ്ടു്,
ആരുചെയ്തോരു പാപമാണിതു്? ഏവരുചെയ്തോരു
[ദുരിതമാണിതു്?
ഇവിടുത്തെയൊരുണ്ണിത്രിപുരന്മാർ ചെയ്തോരു
[ദുരിതമാണിതു,
അതുതന്നെ കേട്ടസമയം മൂന്നാംതൃക്കണ്ണു മിഴിച്ചൊന്നു
[നോക്കി
മൂന്നാം തൃക്കണ്ണു മിഴികൊണ്ടനേരം ത്രിപുരന്മാരൊക്കെ
[ഭസ്മമതായി,
ത്രിപുരന്മാരെ വധിച്ചസമയം ഭൂമീഭാരം മുഴുവനൊഴിഞ്ഞു,
ഭൂമീഭാരം മുഴുവനൊഴിഞ്ഞപ്പോൾ ദേവകളുടെ
[ആപത്തുതീർന്നു,
ദേവകളുടെ ആപത്തുതീർന്നപ്പോൾ ദേവകളു-
[മർച്ചനതുടങ്ങി,
ദേവകളുടെ അർച്ചനകൊണ്ടു് ശിവന്തന്റെ ശിരസ്സതുകൂടി,

ഇനിയെന്തു്? വേണ്ടതുങ്ങളാം ശ്രീപരമീശനരുളുകവേണം
തങ്ങളുടെ വേഷംധരിച്ചു് ഉമ്മയെതങ്ങളാം മാലവെയ്ക്കേണം
ഉമ്മയെ ഞാൻവേൾക്കണമെങ്കിൽ ശ്രീപരമേശ്വര
[നവതാരം വേണം,
വല്യതായ വനത്തിൽ ഞാൻവന്നു വൃക്ഷാവതാരം
[ചെയ്യേയ്ക്കണ്ടു,
കാതിയെന്നൊരു ഉമ്മയെ തോററി ഉമ്മയെ തങ്ങളാം
[മാലയും വെച്ചു്,
ഉമ്മയെ തങ്ങളാം മാലയുംവെച്ചു് തങ്ങളുമായി വാണൊരു
[കാലം,
കാതിയുമ്മയുടെ യൌവ്വനകാലം കാതിയുമ്മയ്ക്കു് ഗർഭം
[ധരിച്ചു,
മാസംപത്തു ദിവസംകഴിഞ്ഞു് കാതിയുമ്മ പ്രസവിച്ച
[പിള്ള,
കാതിയുമ്മ പ്രസവിച്ചപിള്ളയ്ക്കു പാത്തുവെന്നൊരു
[പേരരുളാം ചെയ്തു,
പാത്തുതന്റെ യൌവ്വനകാലം ശ്രീപരമേശ്വരന്റെ
[വൃക്ഷാവതാരം,
വല്യതായ വനത്തിലുംചെന്നു് വന്മരമായി നിന്നപരമീശൻ
ആയിരങ്കോലുയരവുമായി അറുപത്തുകാൽ വണ്ണവുമായി,
ആയിരംകോലുയരത്തിൽ മുകളിൽ ചന്തീരായിരം
[കൊമ്പുംചമച്ചു,
ചന്തീരായിരം കൊമ്പും ചമച്ചതിലോരോരുവിധം
[പുഷ്പവുമായി

തെച്ചിപുഷ്പം, തുളസീപുഷ്പം, പിച്ചകപുഷ്പ-
[മെന്നിവയെല്ലാം
വില്വപത്രം, തേൻജയന്തി, കൈനാറിപുഷ്പങ്ങളു
[മെന്നിവയായി,
പുഷ്പത്തിന്റെ മണമതുകേട്ട് പാത്തുമ്മയ്ക്കു മോഹം
[കലന്നു
പാത്തുമ്മക്ക് മോഹംകലന്നു, പെററാരുമ്മയോടൊന്നു-
[രചെയ്തു,
പുഷ്പത്തിന്റെ മണമതുകേട്ട് നമ്മൾക്കിവിടെയിരുന്നു
[കൂടെൻറുമ്മാ.
പുഷ്പത്തിന്റെ മണമതുകേട്ടാൽ വന്മരം കാണ്മാൻ
[പോകയും വേണം
മറയ്ക്കകത്തിരിക്കും നമ്മൾക്ക് തുണക്കൂടാതെ
[പൊയ്ക്കൂടാ പാത്തു,
തുണക്കൂടാതെ പോയിയതെങ്കിൽ കലത്തിൽനിന്നു
[കളയുംനമ്മെ,
ഉമ്മതങ്ങടെ വാക്കതുകേൾക്കാതെ ഓടിയൊളിച്ചങ്ങു
[പോയവൾപാത്തു,
വന്മരത്തിൻചുവട്ടിലുംചെന്നു് നാലുഭാഗത്തും
[നോക്കുന്നതുണ്ടു്,
കന്നിരശിയ്ക്കു നില്ക്കുന്നകൊമ്പിന്റെ താഴെചെന്നങ്ങു
[നോക്കുന്നനേരം,
കൊമ്പു തന്നെതാണിങ്ങുവന്നു കൊമ്പുപിടിച്ചു
[മുകളിൽ കരേറി,

പൂവ്വരത്തു വസിയ്ക്കുന്നതുണ്ട് ആപ്പൂതന്നെ മടിയിലും
[വെച്ച്,
ശ്രീപരമേശ്വരനങ്കത്തിൽ വീയ്യം പാത്തുതൻെറ
[യുദരത്തിൽനിന്ന്,
മൂന്നേമുക്കാൽനാഴികകൊണ്ടു് പാത്തുമ്മയ്ക്കു ഗർഭംതോററി,
മാസംപത്തും ദിവസംതികഞ്ഞു് വന്മരത്തിന്ന
[താഴത്തിറങ്ങി,
വന്മരത്തിന്ന താഴത്തിറങ്ങി ഉമ്മതൻെറയരികത്തുവന്നു,
അപ്പകാര്യം ചെയ്യുന്നിമിത്തം പാത്തുമ്മയ്ക്കുപള്ളയിലായി
ഉമ്മതൻെറയരികത്തു ചെന്നപ്പോഠം ഓരോരോവിധം
[ചോദ്യം തുടങ്ങി,
എന്തു്? യെന്തെടൊ പള്ളയിൽനിൻെറ
[നേരെന്നോട്ട ചൊല്ലണേ പാത്തു
വന്മരം കാണ്മാൻപോയിഞാനും പള്ളയിലായി
[പോന്നിതുഞാനും!
കുലത്തീന്നു കളയേണം നിന്നെ, നിന്നെയിവിടെ
[ചേത്തുകയില്ല,
തക്കിതിത്താമെന്നൊരുതോട്ടം, തോട്ടത്തിലേയ്ക്കു
[നീക്കുകചെയ്തു,

---

(വൃത്തം മാറി)

തക്കിതിത്താം തോട്ടത്തിൽ പാത്തുമ്മ പെററാരു,
വാർകാലനെന്നൊരു വാവർ പെറവുണ്ടായി,
വാർകാലനെന്നൊരു വാവരെ പെററകാലം,
നെല്ലൊന്നും കുലച്ചില്ല മാവൊന്നും പൂത്തില്ല,

അക്കാലം കോതമ്പും തിന്ന വളരെയുണ്ടായി,
കോതമ്പും തിന്നതിന്ന വളൎന്നുണ്ണി വാവരു,
മൂന്നുവയസ്സിലു് മുടിയുമിറക്കി,
അഞ്ചുവയസ്സിലെഴുത്തിന്നിരുത്തി,
ഏഴുവയസ്സോളം എഴുതിയ വാവരു്,
പത്തുവയസ്സിലു് പയററിന്നാക്കി,
പതിന്നാലു വയസ്സോളം പയററിയ വാവരു്,
പതിന്നാലു വയസ്സിലു് പടയുടെ മിടുക്കു്,
വിദ്യയായ വിദ്യയൊക്കെ പഠിയ്ക്കുന്നു വാവരു്,
ഇനിയെന്തു്? വേണ്ടടൊ വാവർമരക്കാരെ!
തക്രുതിത്തം തൊപ്പിയും കുപ്പായം തരണമ്മേ
ത്ക്രുതിത്തം തൊപ്പിയും കുപ്പായം കൊടുക്കുന്നു,
ഇനിയെന്തു! വേണ്ടെൻെറ വാവർമരക്കാരെ!
വെള്ളികെട്ടിയ കത്തിയും പൊൻതുരട്ടും വേണമമ്മേ!
വെള്ളികെട്ടിയ കത്തിയും പൊൻതുരട്ടും കൊടുക്കുന്നു;
ഇതുകൊണ്ടൊന്നും പോര എൻറുമ്മെ!
ചെറുതായിട്ടൊരു കപ്പലും തരേണമമ്മേ!
ആശ്യാരെവരുത്തുന്നു നൽമൂത്തം വിധിയ്ക്കുന്നു,
നൽമൂത്തം വിധിയ്ക്കുന്നു മരങ്ങൾ മുറിയ്ക്കുന്നു,
തുലരുത്തു പൊളിച്ചു പലകകൾ വാക്കുന്നു,
കപ്പലിന്നടിപ്പലകയും ചേക്കുന്നു,
ഓരായം ചേക്കുന്നു ചെമ്പിട്ടടിയ്ക്കുന്നു,
ചെറുതായിട്ടൊരു കപ്പലും പണിചെയ്തു,
ഇനിയെന്തു? വേണെടൊ! വാവർമരക്കാരെ!

കപ്പൽക്ക വേണ്ടുന്ന ചമയം കയററുന്നു,
പീരങ്കിത്തോക്കളു മൂന്നോളം വേണമേമ!
പീരങ്കിത്തോക്കളു മൂന്നോളം കൊടുക്കുന്നു,
നാരങ്ങക്കളവന്നും രണ്ടെത്തും വേണമേമ!
നാരങ്ങക്കളവന്നും രണ്ടോളം കൊടുക്കുന്നു,
പിറെറന്നാൾ രാവിലെ വാവർമരയ്ക്കാരും,
കപ്പൽക്കവേണ്ടുന്ന ചമയം കയററുന്നു,
കപ്പലിറക്കി വെടിമൂന്നും വെച്ചു്,
ഓടട്ടേ! കപ്പലും ഓടട്ടേ! യെന്നു്,
അണയട്ടെ! പള്ളിയ്ക്കങ്ങോടട്ടെ പള്ളിയ്ക്കു്,
ഓടട്ടെ! പള്ളിയ്ക്കങ്ങണയുന്നു കപ്പല്,
കപ്പലണച്ചു വെടിമൂന്നും വെപ്പിച്ചു്,
അന്നത്തെ വാണിഭ മവിടെ കഴിയ്ക്കുന്നു,
പിറെറന്നാൾ രാവിലെ വാവർമരയ്ക്കാരും,
കപ്പലിറക്കി വെടിമൂന്നും വെപ്പിച്ചു്,
ഓടട്ടേ! കപ്പല് കരുവാന്തുർ പള്ളിയ്ക്കു്,
കരുവാന്തുർ പള്ളിയ്ക്കണയട്ടെ! കപ്പല്,
കരുവാന്തുർ പള്ളിയ്ക്കണയുന്നു കപ്പല്,
കപ്പലണച്ചു് വെടിമൂന്നും വെപ്പിച്ചു്,
അന്നത്തെ വാണിഭ മവിടെക്കഴിയുന്നു
പിറെറന്നാൾ രാവിലെ വാവർമരയ്ക്കാരും.
പച്ചക്കതിരയെ മെച്ചത്തിൽ ചമയിച്ചു്
പച്ചക്കതിര മേലേറുന്നു വാവരു്,
തട്ടൊത്തഭൂമി തളിപ്പറമ്പെക്കൂടെ,

പച്ചക്കുതിര മേലോട്ടുന്ന വാവരു്
തട്ടൊത്തഭൂമി തളിപ്പറമ്പെക്കൂടെ,
മദയാനക്കഴുത്തേറീട്ടയ്യപ്പനെഴുന്നള്ളി,
തട്ടൊത്തഭൂമി തളിപ്പറമ്പെക്കൂടെ,
പച്ചക്കുതിര മേലെഴുന്നെള്ളുന്നാരെടൊ!
കുതിരേടെ വാൽക്കാണം തന്നേച്ചു പോണിപ്പോഠം,
കുതിരേടെ വാൽക്കാണം തരേണമെങ്കിലു്,
മലയാളി! മദയാന വാൽക്കാണം തരണെടൊ!
വാൽക്കാണം കൊണ്ടവർ തമ്മിൽ പിശകുന്നു,
കുതിരേടെ നടനാലും വെട്ടുന്നു നിലവയ്യൻ,
ആനേടെ നടനാലും വെട്ടുന്നു വാവരു്,
കുതിരേടെ നടനാലും തോററുന്നു നിലവയ്യൻ,
ആനേടെ നടനാലും തോററുന്നു വാവരു്,
ചങ്ങാതിയ്ക്കൊത്തൊരു കയ്യംപിടിച്ചയ്യൻ,
ശെബരിമലയ്ക്കെഴുന്നള്ളി നിലവയ്യൻ,
അയ്യപ്പൻെറ വലഭാഗെ വാവരെ കുടിവെച്ചു്,
അയ്യപ്പനു വരുന്നോരു നേർച്ചയും വഴിവാടും
വാവർക്കു, പകുതി കൊടുക്കേണ്ണന്നരുഠം ചെയ്തു!!

—

## 20. കാണിപ്പാട്ട് (അഥവാ) പൊലിപ്പാട്ട്.

നാലാം താളം (അഥവാ) മുത്താളം

ശ്രീകൈലാസത്ത് തിരുനടയില്
പൊൻശരംകുത്തി മലർചൊരിഞ്ഞു്
പൊൻശരംകുത്തി മലർചൊരിഞ്ഞു്
മരതകംകൊണ്ടൊരു പാത്രവും വെച്ച്
മരതകംകൊണ്ടൊരു പാത്രവുംവെച്ച്
കണ്ടനയ്യനെ പാടിസ്തുതിച്ച
കണ്ടനയ്യൻെറ തിരുനാമം കേട്ടപ്പോൾ
ദേവകൾവന്നു പൊലിവും തുടങ്ങി
ദേവകളുടെ പൊലിവതുകണ്ടു്
ഋഷികൾ വന്നു നേർപൊലി ചെയ്തു
അന്നവിടെ പൊലിച്ചതുപോലെ
ഇന്നീസ്സഭയിൽ പൊലിവായ് വരണം
കേൾവികേട്ടൊരു നാട്ടമിതാണു്
മാനമുള്ളൊരു വീട്ടമിതാണു്
ഇസ്സഭയിൽ കാണിപൊലിച്ചാൽ
മറുസഭയിൽ കേൾവിയുമുണ്ടാം
വീട്ടിൽ മൂത്തവർ കാണിപൊലിച്ചാൽ
താഴെയുള്ളവർ വന്നുപൊലിപ്പിൻ
ശേഷക്കാരും, ഉററബന്ധുക്കളും
നടയിൽവന്നു കാണിപൊലിപ്പിൻ

അയൽപക്കക്കാരും ദേശക്കാരും
കണ്ടുനയ്യന്റ് കാണിപൊലിപ്പിൻ

കണ്ടുനയ്യന്റ് കാണിപൊലിച്ചാൽ
കണ്ടകശ്ശനിദോഷങ്ങടാം തീരും

കൃപ ഓരോന്നേ പോക്ക നിങ്ങടാംകട്
മാനമുണ്ട് നാളേക്കും നീളേക്കും

മാനമെന്നു പറഞ്ഞോരവസ്ഥ
പണംകൊട്ടത്താൽ കിട്ടുന്നതല്ലാ

ശക്തിക്കൊത്ത വഴിവാടുചെയ്യാൽ
മുക്തിനൽകും തിരുനിലവയ്യൻ

ശക്തിക്കൊത്ത വഴിവാടുചെയ്ത്
ഭക്തിയോടെ തൊഴുതങ്ങു പോവിൻ

പൊലിക്കണമെങ്കിൽ വേഗം പൊലിപ്പിൻ
ഇനിയുണ്ട് തിരുനാമങ്ങടാം പാടാൻ

ഇസ്സഭയിൽ പൊലിയില്ല നമുക്ക്
മറുസഭയിൽ പോകുകവേണം.

## 21. അരിപൊലി.

(ഇളവരസേവത്തിലെ ഒരു ഭാഗം)

മുത്താളം

കള്ളസന്യാസിവേഷം ധരിച്ച്
പൊക്കണം പുലിത്തോലുമെടുത്ത്

പൊന്നുടുക്കൊന്ന് കയ്യിലെടുത്ത്
ഇളവരചന്റെ മാളിക കീഴെ

ഇളവരചൻെറ മാളിക കീഴെ
ഉടുക്കടിച്ചയ്യൻ പാട്ടു തുടങ്ങി.
പാട്ടുകേട്ടവളാരിയ മങ്ക
ഞെട്ടിയുണന്നു് താഴത്തു് വീണു
അവളെകാക്കും തോഴിമാരു്
വാരിയെടുത്തു് മടിയിൽ കിടത്തി
എന്താണിത്ര മയക്കം നിനക്കു്
പറകപെണ്ണേ പൂങ്കൊടിയാളെ
ഇപ്പൊപാടുന്ന സന്ന്യാസിക്കു്
അരിപൊലിക്കാൻ പോണമെനിക്കു്
എന്നെകാക്കുന്ന കാവൽക്കാരെ
എൻെറ കാവലൊഴിച്ചു തരേണം
എൻെറ കാവലൊഴിച്ചില്ലെങ്കിൽ
തീയ്യിൽചാടി മരിക്കും ഞാൻ
അവളെക്കാക്കുന്ന കാവൽക്കാരും
അവളുടെ കാവലൊഴിച്ചുകൊടുത്തു.
വെള്ളിത്തളികയിൽ വെള്ളരികോരി
പൊൻതളികാ കൊണ്ടതുമൂടി
മുമ്പിലേഴു തോഴിമാരു്
പിമ്പിലേഴു ദാസിമാരു്
മങ്കമാരും മണിവിളക്കു്
തയ്യലാളുടെ വരവും കണ്ടു

കണ്ടിട്ടതാ എന്റെ അമ്മേ! അച്ഛാ!
പുരികുഴലാളുടെ വരവതിപ്പോഠം

ദൃഷ്ടിയും കമ്പിട്ടവളും
മാളികയിൽനിന്നും ഇറങ്ങി

പാട്ടുപാടുന്ന സന്ന്യാസിയെ!
മടിപ്പ്ടിക്കു അരിപൊലിക്കട്ടെ

മടിപിടിച്ച കള്ളസ്സന്ന്യാസി
അരിപൊലിച്ച തയ്യലാളും

പകുതിയരി താഴെപോയപ്പോഠം
കയ്യുപ്പിടിച്ചു കള്ള സന്ന്യാസി

പാട്ടുപാടുന്ന സന്ന്യാസിക്കെന്റെ
കയ്യുപിടിപ്പാൻ എന്തവകാശം

നിയ്യും നിന്റെ തോഴികളായി
അരിപറുക്കിത്തരണമെനിക്ക്.

അവളും അവളുടെ തോഴികളുമായ്
അരിപറുക്കി കൊടുപ്പാനിരുന്നു

നിന്നെ ആരാനും വേട്ടോ പെണ്ണേ
വേളിക്കാരും ചൊല്ലീട്ടുണ്ടോ?

നിന്നെ ഞാനൊന്നു വേഠംകട്ടെടീ
ആരിയപെണ്ണേ പൂങ്കൊടിയാളെ

തന്നിക്കൊരുത്തിയെ വേഠംക്കണമെങ്കിൽ
വെള്ളാട്ടിയെ വേട്ടോളൂ താൻ

എൻപടിക്കൽ കാവലിരിക്കും
മുള്ളപറയിയെ വേട്ടോളു താൻ
മുള്ളപ യിയെ വേൾക്കില്ലാ ഞാൻ
നിന്നെ തന്നെ വേളികഴിക്കും
ഇന്നെക്കൊത്തൊരു ഏഴാംപക്കം
നിന്നെ ഞാനൊന്നു വേൾക്കടിപെണ്ണേ
അണ്ണനോടും തമ്പിയോടും
വേളിയൊന്നറിയിച്ചു വരട്ടെ

KOTTAYAM PUBLIC LIBRARY KOTTAYAM

## 22. കോമരം 'കച്ച' കെട്ടുമ്പോൾ.

(പാണ്ഡിസേവത്തിലെ ഒരു ഭാഗം)

മുത്താളം

കറുപ്പുകച്ചയും കെട്ടി
കരത്തിൽ വില്ലമ്പുമായി
കരിമ്പനക്കതിർ വില്ലും
കൈനിറയെ ശരവുമായി
എടുത്തുടൻ വേഗമോടെ
പുറപ്പെട്ടു മലയാളി
ഉള്ളാടൻ തന്നുടെ
പടിക്കലും ചെല്ലുന്നു
ഉള്ളാടാ ഉള്ളാടാ
എന്നു വിളിച്ചയ്യൻ

ആരാണ് ഏവരാണ്
എന്നെ വിളിച്ചത്
ഞാനാണ് ഉള്ളാടാ
മലയാളി സേവകൻ
ഹരന്റെ തിരുമകൻ
അയ്യനെന്നറിഞ്ഞപ്പോൾ
ഓടീ പുറത്തേക്ക്
വന്നങ്ങുനോക്കുന്നു
അയ്യനെകണ്ടപ്പോൾ
ആചാരം ചെയ്യുന്നു.
എവിടേക്കായ് പോകുന്നു
മലയാളീ സേവകാ
ഈ മലയിൽ പുലിപെററു
കിടപ്പുണ്ടോ ഉള്ളാടാ
ഇവിടത്തെ പുലികളെ
വേടർ ഒതുക്കിപ്പോയി
പുലിപെററു കിടക്കും മലകൾ
എവിടെയെന്നു പറയുകവേണം
കരിമലാ മുകളില്
കരിഞ്ചോലത്തടത്തില്
കരിഞ്ചോലത്തടത്തില്
കരിമ്പാറച്ചുവട്ടില്

കരിമ്പാറച്ചുവട്ടില്
വലിയൊരു അളയില്ല്
കരിംപുലി പെററു
കിടപ്പുണ്ടു് സേവകാ
അവിടത്തോളം വഴി
കാട്ടിത്താ ഉള്ളാടാ
ഓഫോ എന്നു ചൊല്ലി
നടകൊണ്ടു ഉള്ളാടൻ
ഉള്ളാടൻ മുന്നിലും
അയ്യപ്പൻ പിന്നിലും
മേഘലതെരുവോടെ
ചെല്ലുന്നനേരത്തു്
അവിടത്തെ മങ്കമാർ
അയ്യനെക്കണ്ടപ്പോഠം
എവിടേക്കായി പോകുന്നു
മലയാളി സേവകാ
പുലിപ്പാലിന്നായിട്ടു്
മലനാടകിപ്പോന്നു ഞാൻ
ഞങ്ങഠംക്കും തരണയ്യാ
നാഴിപുലിപ്പാല്യ്
പുലികളെ ആട്ടി ഞാൻ
ഇയുവഴിയെ വരുമ്പോഠം
മങ്കമാർക്കും തന്നേക്കാം ഞാൻ
നാഴി പുലിപ്പാല്യ്

## 23. നൃത്തം.

(മുത്താളം—,ഒററക്കോലിൽ)

വീരമണി കണ്ഠനയ്യൻ
വീരപ്പന്തലിൽ വാണീടുമയ്യൻ

വീരമണി കണ്ഠനയ്യൻ
എഴുന്നള്ളുമ്പോൾ എന്തടയാളം

വീരമദ്ദളമടിച്ചുകൊണ്ടു്
പുള്ളിശംഖു് ഊതിക്കൊണ്ടു്

കാൽകാതം വഴിവരുമ്പോൾ
കാൽചിലമ്പിന്റെ ശബ്ദം കേൾക്കാം

അരകാതം വഴിവരുമ്പോൾ
അരമണിയുടെ നാദം കേൾക്കാം

മുക്കാൽ കാതം വഴിവരുമ്പോൾ
മുച്ചൂരിക ഇളക്കം കാണാം

ഒരു കാതം വഴിവരുമ്പോൾ
ഒററപ്പന്തലിൽ നൃത്തം കാണാം

വീരമണികണ്ഠനയ്യാ
തമ്പുരാനെ കുമ്പിടുന്നേൻ.

അടിയിന്നു് മുടിയോളം
ഉടൽ കണ്ടുതൊഴുന്നേൻ.

ഹരിഹര നന്ദനാ
ശരണം പൊന്നയ്യപ്പാ!

## 24. മംഗളം.

മുത്താളം

പൂമലർ തുളസീപൊൻ
മണിമാല തൊഴുന്നേൻ

ഭൂമിയെ ഇളക്കുന്ന
വെടികെട്ടും തൊഴുന്നേൻ

മഴക്കാറിന്നിരുളൊത്ത
തിരുമുടി തൊഴുന്നേൻ.

തലചന്ദ്രൻ അഴകൊത്ത
തിരുനെററി തൊഴുന്നേൻ.

പീലിക്കണ്ണിന്നിണയൊത്ത
പുരികങ്ങൾ തൊഴുന്നേൻ

കണ്ണിമാങ്ങക്കിണയൊത്ത
കണ്ണു രണ്ടും തൊഴുന്നേൻ

ശരംകൊണ്ടു മറച്ചുള്ള
തിരുമൂക്കും തൊഴുന്നേൻ

തൊണ്ടിപ്പഴം ഇണയൊത്ത
ചുണ്ടു രണ്ടും തൊഴുന്നേൻ

മുല്ലമൊട്ടിന്നഴകൊത്ത
പല്ലുകളും തൊഴുന്നേൻ

ശംഖുകൊമ്പിന്നഴകൊത്ത
പോർകഴുത്തും തൊഴുന്നേൻ

മണിമാല അണിയുന്ന
തിരുമാറും തൊഴുന്നേൻ

# അയ്യപ്പൻവിളക്ക്.

ആലിലക്കണിയൊത്ത
അണിവയറും തൊഴുന്നേൻ

കടുംതുടികഴകൊത്ത
അരക്കെട്ടും തൊഴുന്നേൻ

കട്ടുകാലിന്നിണയൊത്ത
മുട്ടുരണ്ടും തൊഴുന്നേൻ

നാരങ്ങക്കിണയൊത്ത
ഞെരിയാണി തൊഴുന്നേൻ

മുടിയിന്ന് അടിയോളം
ഉടൽകണ്ടു തൊഴുന്നേൻ

അരയിൽ കെട്ടിയനല്ലാ
കരിങ്കച്ചാ തൊഴുന്നേൻ

അതിൻമീതെ അണിയുന്ന
അരമണിതൊഴുന്നേൻ

വലംകൈയ്യിൽ പിടിച്ചുള്ള
പൊൻചുരികാതൊഴുന്നേൻ

ഇടംകയ്യിൽ പിടിച്ചുള്ള
പൊൻചിലമ്പും തൊഴുന്നേൻ

അഴകോടെ ശ്രീ ശബരിമല
ശാസ്താവെ തൊഴുന്നേൻ

അയ്യപ്പാ ശരണം ഞാൻ
അടിപാദം തൊഴുന്നേൻ

അടിയങ്ങൾക്കരുളേണം
ശരണം കൈതൊഴുന്നേൻ

## 25. പുലീസേവകം.

(വേറൊന്നു്)

ക്ഷീരസാഗര,ന്തന്നിലനന്തന്റെ മുതുകിന്മേൽ;
പള്ളികൊണ്ടി,ട്ടന്നോരു കമലാകാമുകൻ! ദേവൻ!
മാനാവൈഭവാൽ പണ്ടു കളവാണീ, വടിവാന്റു;
സർവ്വേശൻ ഹര;ന്തന്നെ പുണർന്നപ്പോളുളവായ,
മായാമാനുഷൻ ശാസ്താവതിമോദം സുരലോകം;
ചെന്നു സന്മധുപാനം വിരവിൽ ചെയ്തതിൽ പിന്നെ;
കൈലാസാചല,ന്തന്നിൽ സുഖത്തോടും വസിയ്ക്കുന്ന
കാലത്തിലൊരിയ്ക്കൽ തൻ ജനകന്റെ,യനുവാദം;
വാങ്ങിക്കൊണ്ടതി,മോദം ഭുവനങ്ങൾ ചരിച്ചീടാൻ
യൌവ്വനമണഞ്ഞൊരു മലയാളി വടിവാർന്നു;
ഓരോ ദിക്കുകൾ ചുററിത്തിരിഞ്ഞിട്ടങ്ങവസാനം;
സാരം ചേർന്നൊരു പാണ്ഡ്യനഗരം ചെന്നിഹചേർന്നു
അങ്ങു,മിങ്ങി,ഹ നോക്കി നടക്കുന്ന വഴിമദ്ധ്യേ,
കാണും പാന്ഥരെപ്പാർത്തു ചില ചോദ്യമരുൾ ചെയ്തു;
ചൊല്ലുവിൻ! നഗരത്തിൻ തിരുനാമ,മതുമല്ല,
ചൊല്ലുള്ളീ,നഗരത്തെ ഭരിയ്ക്കുന്ന നൃപൻ പേരും,
എന്നു,മല്ലരചന്റെ അരമനയ്ക്കുന്നുയണ്ട
നേരുമാർഗ്ഗവും കാട്ടി തരവേണം വഴിപോകെ,
ഇത്തരമുരചെയ്ത വചനത്തെ വഴിപോക്കർ,
ശിക്ഷയിൽ ശ്രവിച്ചിട്ടു സത്വര, മുരചെയ്തു,
കേട്ടുകൊള്ളിതു പാണ്ഡ്യനരപാലൻ ഭരിയ്ക്കുന്ന,
രാജ്യമാണിദ,മോർത്തു ഗമിയ്ക്കെടോ മലയാളി!

ഇന്നീ,മാർഗ്ഗമേ, നേരായ് ശരിയ്ക്കങ്ങു നടന്നാകിൽ,
കാണാം,ഭൂവരൻമേവും,ഭവനത്തെ തടവെന്ന്യേ,
ഇങ്ങിനെ,യുരചെയ്താ, വഴിപോക്കരെകന്നപ്പോൾ,
ഭംഗിയിൽ നടന്നിതു നൃപ കോവിലകം നോക്കി,
പാണ്ടിയനഗരേശൻ കുടികൊള്ളും ഭവനത്തിൻ,
വാതുക്ക,ലണഞ്ഞപ്പോ,ളവിടെ കാവലായ്നില്ക്കും,
ദ്വാരപാലകന്മാ,രങ്ങടുത്തിട്ടയ്യനെനോക്കീ-
ട്ടുള്ളത്തിൽ ബഹുമാനം വഹിച്ചിത്ഥമുരചെയ്തു,
എന്തിനാ,യ്ത്തുനിയുന്നു, ഗമിയ്ക്കുന്നതെവിടെയ്ക്കു;
ആരാകുന്നിതു? നീയും കളവെന്ന്യേ! കഥിച്ചാലും,
ഇത്തരം ശ്രവിച്ചപ്പോൾ പുരദ്വാരഭടന്മാരെ,
പാർത്തുകൊണ്ടു,രചെയ്താ,നിദ,മയ്യൻ മടിയാതെ,
ഇന്നി സർവ്വഭൂചുററിത്തിരി, ഞ്ഞെല്ലാററിലും വേണ്ടും,
പാണ്ഡിത്യം, ലഭിച്ചുള്ള മലയാളി,യിവനിപ്പോൾ,
പാണ്ടിയ നൃപതിത,ന്നരികത്തു വസിച്ചീടാൻ,
മോഹമുണ്ട,തിന്നായി ഗമിച്ചേൻ ഞാനതുമൂലം;
ചിത്തത്തിൽ കൃപപൂണ്ടു വഴിതന്നിട്ടി വന്നന്നെ,
രാജാവി,ന്നടികൂപ്പാനനുവാദമരുളേണം,
ഏവം ചൊന്നതു കേട്ടു കനിവോടെ ഭടനേകൻ,
അയ്യനോ.ടൊരുമിച്ചി,ട്ടതിവേഗം നടകൊണ്ടു,
രാജാവിൻതിരുമുമ്പിൽ പണിഞ്ഞു സേവകൻ വാർത്ത,
സർവ്വവും, ഗ്രഹിപ്പിച്ചു തിരിച്ചെത്തി പുരദ്വാരം,

(വൃത്തം മാറി)

ദ്വാരപാലകരോതിയ വാൎത്തമന്നവനാ,ശ്ശു ശ്രവിച്ചതി
[വേഗം,
തൻ മണിമാളിക വിട്ടു പുറത്തേയ്ക്കുമ്പൊട്ടു വന്നിഹ
[നോക്കിയ നേരം,
സേവകലക്ഷണ,മൊക്കെ വിളങ്ങും അയ്യനെ, യങ്ങിഹ
[കണ്ടു മഹീശൻ.
മാനസതോഷ,മിയന്നു പതുക്കെ സാദര,മിങ്ങിനെ
[ചെയ്തിതു ചോദ്യം,
എന്തിനു? വന്നിതു നീയ്യി, വിടത്തിൽ വല്ല വിശേഷ,
[മുരപ്പതിനുണ്ടോ?
ആരെടൊ! ചൊല്ലുക, പേരു, മിരിപ്പും അച്ഛനുമമ്മയു,
[മില്ലയൊപിന്നെ?
സോദരരില്ലയോ! യെന്നിവയെല്ലാം ഒന്നൊഴിയാതെ
[വചിയ്ക്കുകവേണം,
എന്നിവ കേട്ടതി,നുത്തരമായി,ട്ടയ്യൻ ഭംഗിയി,
[ലിതുമുരച്ചാൻ,
കോമളരൂപിണി,യായിട്ടുമെൻെറ, അമ്മയെ!
[ഭൂമിയിൽ കാണുകയില്ല,
ആയവ,ളെന്നെയുത്ഭവമാക്കി പോയിതു വൈകുണ്ഠം
[ഭൂമി വെടിഞ്ഞു്;
ഉണ്ടിവ,നെത്രയും വൈഭവമുള്ള അച്ഛൻ സോദരി,
[സോദരന്മാരും,

പക്ഷെ,യിന്നായവ,രെന്നെവെടിഞ്ഞു കൈലാ-
[സാദ്രിയിൽ വാഴുകയാണു്;
എന്നുടെ പേരയ്യ കയ്യപ്പനെന്നു്, ചൊല്ലിടും
[ഭൂതലവാസികളെല്ലാം,
സേവകരായ,മിയന്നു വസിപ്പാൻ പാരവു,മാഗ്രഹ,
[മുണ്ടിവനോക്ക്;
ഏവമായുള്ള വചസ്സുകൾ കേട്ട ചിത്തമേ,യേററവും
[ഇഷ്ടികലന്റ;
സുന്ദര,നയ്യനു സേവക പട്ടം ഭൂവരൻ ശിക്ഷയിൽ നല്കി
[യയച്ചാൻ,
തന്നുടെ വൈഭവ,മൊക്കെ ചുരുക്കി മററുള്ള സേവകരെ,
[ന്നതു്പോലെ;
ഭൂപതി സന്നിധി തന്നിൽ വസിച്ചു സമ്മതനാമൊരു
[സേവകതുല്യം,

(വൃത്തംമാറി)

നിജ, സേവകരിൽ പ്രിയ, മേററ,മിയന്നൊരു ഹരിഹര-
[പുത്രനതെന്നു്,
മനതാരിൽ നൃപന്നിഹ, തോന്നുകി,ലിവരുടെ മൊഴി
[കേൾക്കുകയില്ല;
എന്നി,തി,നിനവാൻറു വസിപ്പവ,രാകിയസേവകവര,
[രൊരുമിച്ചു്,
അയ്യന്നതി,ദോഷമുരച്ചതി,തതിനുള്ളൊരു വഴിതേടി
[യജസ്രം,
കാലം കഴിയേ,തരുണീ നൃപഭാര്യയ്ക്കു,ങ്ങിഹ ശൂലയതെന്നു്

ഷേരുള്ളൊരു,രോഗ, മണഞ്ഞത്തു ഭൂവര, നറിവായത്തുമൂലം,
തൻനാട,തിലേറിയ യോഗ്യത പൂണ്ട,മരുന്നൊരു
[വൈദ്യരെ,യെല്ലാം;
നേരായ് വരുവിച്ചി,ഫ ദനാക്കവതിന്നായങ്ങൊരു കല്പന
[ചെയ്യോരുമൂലം,
ചെന്നാ മയ മായത്തു നോക്കി, കണ്ടത പൂണ്ട,തി
[വേഗതയോടും,
ഭൂപാലക സന്നിധി ചെന്നു ചികിത്സക,രമ്പൊട്ട,
[മിതഥമുരച്ചു;
സാമാന്യമതാകിയ രോഗമതല്ലെന്നി,തിയോക്കക!
[ഭൂവരമെവലെ;
വേണം പുലി തന്നുടെ പാലത്തു നാഴി;യത്തു കിട്ടുകി,
[ലെന്നിയെ;വേറായ്,
ഇല്ലി,ന്നൊരു ഔഷധ,മായത്തുകൊണ്ടി,ന്നതിനാങ്ങ
[ശ്രമിക്കകവേഗം,
ഇമ്മട്ടരചെയ്യോരു വൈദ്യവചസ്സുഠത്താപമിയന്നു
[ശ്രവിച്ചു;
സാമത്ഥ്യ,മിയന്നൊരു സേവകസംഘങ്ങളെയൊക്കവെ,
[യങ്ങ വരുത്തി;
ചൊല്ലേറിയ വൈദ്യരു,രച്ചൊരു ദിവ്യൌഷധമാംപുലി
[തന്നുടെ ക്ഷീരം,
കൊണ്ടേ,കവതിന്നു സമത്ഥത;യിന്നുള്ളൊരു കിങ്കര,
[രാരി, തിലെന്നു്
ചൊല്ലീടുക യെന്നു,രചെയ്യോരു ഭൂവരഭാഷിത,
[മങ്ങിഥകേട്ടു,

സന്തോഷമകന്നു വിഷണ്ഡതപൂണ്ടു,രുളിച്ചെയ്തിതു
[സേവകരെല്ലാം;
അപ്പോ,ളെഴുന്നീററു,ടനയ്യനു,മങ്ങച്ഛൻ തന്നെ വണങ്ങി,
[യുരച്ചാൻ;
ദുഷ്കരമതാകിയ കാര്യമിതിന്നാ,യുടം്കൂടമേ തവ വേണ്ട
[വിഷാദം;
ഇന്നിവനമ്പോടുപോയ് പുലി തന്നുടെ ക്ഷീര,മതാശു
[കറന്നു വരുന്നേൻ;
ഇത്തരു,മയ്യ,നുരച്ചു,ച്ഛൻെറ സമ്മതമങ്ങു ലഭിച്ചൊരു
[ശേഷം;
വയ്‌പുലി വാണിടുമോരു ഗിരിയ്ക്കാ,യങ്ങു ഗമിച്ചിതു
[നിർഭയമോടും;

(വൃത്തം മാറി)

ഗമിയ്ക്കുന്ന വഴിമദ്ധ്യേ കുടിലൊന്നിൽ വസിയ്ക്കുന്ന
കളവാണി, യൊരുത്തി വന്നടുത്തയ്യൻ തന്നോടോതി,
നടന്നിട്ടു തളർന്നുള്ള വഴിഃഖദം ശമിപ്പാനായി
വരികിന്നു സുഖമോടു,മിവാം വാഴും കുടിൽതന്നിൽ,
കുറച്ചു വിശ്രമിച്ചിട്ടു ഗമിച്ചാലും മലയാളി!
ഇവളല്ലാ,തപരന്മാർ ഒരുത്തരി,ല്ലിവിടത്തിൽ;
കുസുമാസ്ത്രസമനായ നരവീര! ഭവാനെൻെറ;
ക്ഷണനത്തെ പഴുതാക്കി കളയാതെ വരവേണം;
ഇതി പാരം വിനയത്താൽ ക്ഷണിയ്ക്കുന്നോരവാം
[തൻെറ,

39225

ഒരുമിച്ചു ഗമിച്ചിതു ഹരിപുത്രൻ ഹൃദി മോദാൽ;
അണഞ്ഞുള്ള ശിവപുത്ര, നിരുന്നീടാനൊരു പീഠം;
നല്കീട്ടു മദനാത്തി കലന്റം കൊണ്ടവളോതി;
ജ്വലിക്കുന്ന മുഖകാന്തി കലന്റുള്ള ഭവാനിപ്പോൾ;
അതിവേഗം ഗമിക്കുന്നതെവിടേക്കു കഥിച്ചാലും;
പരിചോ,ടിവ്വിധമങ്ങു കളവാണിയുരചെയ്ത-
വചനത്തെ,ശ്രവിച്ചപ്പോൾ ഹരപുത്ര,നിദമോതി,
അഹമിന്നു നൃപ പാണ്ഡ്യൻ പുരി വിട്ടു വരുന്നിതു,
മലയ്ക്കായി ഗമിക്കുന്നു പുലിപ്പാലു ലഭിച്ചീടാൻ;
പുലിയെന്നങ്ങുരയ്ക്കുന്നതല്ല,യെന്തെന്നതുചൊൽക!
പുലിപ്പാലെന്നുരചെയ്യുന്നതു കിട്ടുന്നതോ? ചൊല്ക!
ഇവ ചൊല്ലി വസിക്കുന്ന ശിവപുത്രൻ മുഖം നോക്കി;
ഹസിച്ചും കൊണ്ടുരചെയ്താൾ മധുവാണി യതുനേരം;
പുലി തന്നെ ശരിയാ,യ്ക്കുണ്ടറിയാത്ത മലയാളി!
വരികിന്നു പുലിരൂപം പരിചിൽ കണ്ടിടുവാനായ്,
വചസ്സേവമരുളിതൻ കുടിയ്ക്കുള്ളിൽ കടന്നിട്ടു്,
വളർത്തുന്ന നായതന്നെ വിളിച്ചമ്പിൽ നിറുത്തീട്ടു്,
നിജകാന്തൻ വനവേട്ട പുരിഞ്ഞങ്ങു വധംചെയ്തു,
പുലിതന്റെയൊരു തോലങ്ങെടുത്തിട്ടു, പുതച്ചിട്ടു്,
നിറുത്തി താൻ കുടിയ്ക്കങ്ങു വെളിതന്നിലിരിപ്പുള്ള,
മലയാളിയരികെ പോയ്ക്ഷണിച്ചാൾ വമ്പുലി കാണ്മാൻ

39225

(വൃത്തംമാറി)

ഇത്തരം മധുരമൊഴി ചൊന്നോരാവചനംകേട്ടു
സത്വരം പുരരിപുജ,നെഴുന്നേററുടൻ പുറപ്പെട്ടു,
അമ്പോടുമവാം കടിയിൽ ഘോര വയ്മ്പുലിയിൻ ചർമ്മം
ശിക്ഷയിലതികുതുകം മൂടിയുള്ളൊരു നായിനെ,
കണ്ടതിശയമുാംകാമ്പിൽ പൂണ്ടുകാമിനിയെ നോക്കി,
പുഞ്ചിരിചെറുതുളവായൊന്ന,ങ്ങാപ്പുലിയെ നോക്കി,
തൽക്ഷണമതു പുലിയായ്തീൻ! കാമിനി താൻ നേരിൽ,
തീപ്പൊരിയതു ചിതറും മട്ടു കണ്ണുകളുരുട്ടി,
പാഞ്ഞിതുവനത്തരുണി വിസ്മയം കലൻ കണ്ടു,
വമ്പിച്ച ഭയവും പൂണ്ടു അയ്യനെ ശരണം ചെയ്തു,
തന്മഹിമകാം ലവവും ബോധിയാഞ്ഞൊരിവാം ചേരിൽ,
സൽകൃപാ ലവമരുളി കാക്കക പുലിയെ മാററി,
ഗൽഗദ വചനമിദം കേട്ടു ശംഭുജനാമയ്യൻ,
വമ്പുലിയതിൻ ചലനം മാററി മുൻസ്ഥിതിയിലാക്കി,
അന്നവളോടുപലതു,മോതി യാത്രയതുംചൊല്ലി,
സത്വരം ശിവതനയൻ! പോയിതു പുലിയെ നോക്കി.

(വൃത്തംമാറി)

കുറവന്മാരതുള്ള ഗിരിയിങ്കൽ ഭയമെന്ന്യെ,
കൊട്ടുവാളും വടിയും തന്തിരു കയ്യിൽ വഹിച്ചിട്ട്,
അതിമോദം കുറവർ തൻ ഭവനങ്ങാംക്ക,തിദ്ദൂരെ,
ചെന്നു നിന്നതിഉച്ച കലന്നങ്ങു വിളിചെയ്തു;

ഇടി തൻ നിനദംപോലെ വിളികേട്ട കുറവന്മാർ,
ആരാണിവ്വിടന്തന്നിൽ വിളിപ്പതെന്നിഹ കേട്ടാർ,
കണ്ടുതയകന്നോരു വചനത്തെ പരിചോടും,
ശ്രവണം ചെയ്തവരോടു കയ്യപ്പനുര ചെയ്താൻ,
പാണ്ഡിയ നഗരത്തെ ഭരിച്ചീടുമരചന്റെ,
കിങ്കര!നിവനെന്നു ധരിച്ചാലും വഴിപോലെ,
ഇഷ്ടമായ് പതിനാറിലധികം വത്സരമായി,
പരിചോടെ നൃപതി തൻ ഭവനത്തിൽ വസിയ്ക്കുന്നു,
ഇപ്പോഴെന്നരചന്റെ തരുണിയ്ക്കുള്ളവായ,
രോഗമങ്ങൊഴിച്ചീടാൻ ചികിത്സിക്കുന്നവർ ചൊല്ലാൽ,
പുലിപ്പാലങ്ങൊരു നാഴി കറന്നിട്ടു ലഭിക്കേണം.
മാർഗ്ഗമിന്നതിനെന്തെന്നുരയ്ക്കേണം! വഴിപോലെ,
ഇത്തരം പറഞ്ഞുള്ള മൊഴിയെ കേട്ടു,തിമോദം,
വയ്മ്പരാമവർ പിറു പിറുത്തും കൊണ്ടുരചെയ്തു.

(വൃത്തംമാറി)

അയ്യോ യീ,വിപിനത്തിൽ വിചസൂന്ന പുലിവർഗ്ഗം
ഒക്കെയിന്നിവർ മൂപ്പൻ വധിച്ചിതു ബഹുകഷ്ടം;
ചൊവ്വോടിമ്മലയിങ്കൽ വിളങ്ങും കല്ലളയിങ്കൽ;
പെററിഹ കിടക്കുന്നു കരിമ്പുലി വലുതൊന്നു്;
ചാരെ വന്നണയുന്ന മനുഷ്യരെ കൊലചെയ്തു്;
ചാരു കുഞ്ഞുങ്ങളോടു വസിയ്ക്കുന്നു പുലിതാനും;
പിന്നെയുണ്ടരികത്തങ്ങൊരു ജീവനണയാതെ;
കാത്തു കൊണ്ടരുളുന്നു പുലിരാജനൊരു, ധീരൻ,

ഭിക്ഷ തെണ്ടിട്ടുമേകൻ നൃപ പട്ടം കൊതിച്ചെങ്കിൽ,
കിട്ടുമെന്നതു തെല്ലും നിനയ്ക്കൊല്ലെ, മനതാരിൽ
ഇന്നു നീ അതുകൊണ്ടു മടങ്ങി പോരുക വേഗം;
ഇന്നു നിന്നഭിലാഷം നിറവേറാൻ വഴിയില്ല;
ഇത്ഥമാ,യുരചെയ്ത വചസ്സുക,ളതുകേട്ടു.
മായാമോഹിനീ! പുത്രൻ! ചിരിച്ചും,കൊണ്ടുരചെയ്തു;
എന്നുടെയകതാരിൽ ജനിച്ചീട്ടു, മഭിലാഷം,
വാദമില്ലതു സാദ്ധ്യം വരുത്തീടും ദൃഢം ഞാനും;
ചിന്തിരിഞ്ഞ,കലുന്ന മനുഷ്യനല്ല;തുകൊണ്ടു;
ചാരു നേർവ്വഴി ചൊല്ലി മരുന്നും മന്ത്രവും നല്കി;
ക്ഷിപ്ര,മിന്നിയുമൊന്നു കനിഞ്ഞാശിസ്സരുളേണം;
അപ്പോഴാ,കുറവന്മാ,രധികംസന്തുഷ്ടിപൂർവ്വം;
രാജ സേവകനാകും മലയാളി,തനി,യ്ക്കമ്പിൽ;
മന്ത്രത്തെ മരുന്നോടും ശരിപോലങ്ങിഹനല്കി!
ഗുരുദക്ഷിണയും അയ്യൻ വടിവിൽ ചെയ്തു,രണ്യത്തിൽ;
പുലി പെററു കിടക്കുന്ന ദിശി നോക്കി പുറപ്പെട്ടാൻ,
ഇടുപ്പിൽ കച്ചയെ കെട്ടി വരിഞ്ഞു നല്ലുറപ്പോടും
തിളങ്ങും തൻ ചുരികയെ കുതുകമായ് തിരുവീട്ട്,
കര,ത്തന്നിൽ കലശത്തെ വഹിച്ചു തമ്പുലി മേവും,
പെരു,ങ്കുന്നി,ന്നടിവാ,രത്തണഞ്ഞിതു മലയാളി!
മനുഷ്യന്തൻ ചൂരറിഞ്ഞു മണത്തു കണ്ണുരുട്ടീട്ട്
കടുവാ പല്ലിളിച്ചിട്ടു,അടുക്കുന്നിത,തുനേരം,
അടുക്കും വമ്പുലി തന്നെ കരംകൊണ്ടു പിടിച്ചീടാം;
അടുത്തുചേരുമപ്പോഴും ശങ്കുരുട്ടീട്ട് കുതിച്ചീടും,

കുതിച്ചുകൊണ്ടങ്ങു പായും പെരുത്ത വമ്പുലി തന്നെ,
തുടൎന്നുംകൊണ്ട,യ്യനേററം പതുങ്ങി പോയ് പുലിക്കാവിൽ,
പിടിച്ചു കെട്ടുവാനായി തുടങ്ങു,മത്തരുണത്തിൽ,
പൊടുന്നനെ കുതറീട്ടു കുതിച്ചീടും പുലിയപ്പോൾ,
പതിപ്പാനാ,യിടുപ്പിങ്കലമൎന്നു ഹരപുത്രൻ,
പിടുത്തം വിട്ടുകലത്തു തെറിയ്ക്കുന്നു പുലിയപ്പോൾ,
ചിരിച്ചുംകൊണ്ടതിൻ പിമ്പേ ഗമിയ്ക്കുന്നു ഹരപുത്രൻ
കരിമ്പുലി വിരണ്ടും കൊണ്ടലറുന്നി,തതുനേരം,
പററിപ്പോയ് മുള്ളു തട്ടി കൊട്ടുക്കുന്നു മലയാളി
തെറെറന്നു കരഃ പൊക്കി കുതിയ്ക്കുന്നു പുലിയപ്പോൾ,
ക്ഷീണതാമതിനാലെ വളൎന്നുള്ള പുലി തന്റെ,
മുലക്കൺ തങ്കരംകൊണ്ടു തടവുന്നു ശിവപുത്രൻ,
മായാമാനുഷ,ന്തന്നെ കടിയ്ക്കുന്നു പുലിയപ്പോൾ,
വായിൽ തൻ ചുരികയെ കടത്തുന്നു നിലവയ്യൻ,
ഊററംപൂണ്ടിവ്വിധത്തിൽ പടവെട്ടീ,ട്ടവസാനം,
തോററിതങ്ങു,യ്യനോടപ്പുലിയുമെന്നതേ വേണ്ടു
വേണ്ടതുപോൽ പാൽ കറന്നു മൊന്തയുമേന്തിയ,ങ്ങയ്യൻ,
പാണ്ടിയൻ രാജധാനിയ്ക്കു,തിമോദം പുറപ്പെട്ടാൻ.

(വൃത്തംമാറി)

ഇത്ഥം ശിവനന്ദനനൊരുവിധമങ്ങിഹ ഘോരാടവി
[തന്നിൽ
പാണ്ഡ്യൻ നൃവരാജഞ മുടക്കാ,ളുംപ്രിയമൊടു ചെന്നു
[കടന്നു്,
കഷ്ടത്തൊടു വയ്ന്ന്വലി തന്നുടെ പാലു നിറച്ചീടിന
[പാത്രം,
കയ്ത്താരതി, ലേന്തി വരുന്നൊരു പദാതി ചില പാന്ഥ,
[രണഞ്ഞു്,
എങ്ങുന്നു വരുന്നിതു? വിരവൊടു എവിടെയ്ക്കായ്
[പ്പോവതു? പിന്നെ
ആരെന്നതുംനിങ്കരമേന്തീട്ടുള്ളൊരു കലശത്തിലുമെന്തു്;
എന്നീവിധമാകിയ ചോദ്യം പാരം തുഷ്ടികലൻ
[ശ്രുവിച്ചു്;
അയ്യൻ!മടിയെന്നിയെ! അവരൊടു ശിക്ഷയിലിങ്ങിനെ
[യുരചെയ്തു;
ഞാനിപ്പൊഴുതുഗ്രവനത്തിൽ നിന്നങ്ങു വരുന്നതു
[മോക്ക;
പോകുന്നതു പാണ്ഡ്യപുരത്തേയ്ക്കെന്നതു വിരവോടു
[ധരിപ്പിൻ;
കൈവശമിന്നുള്ളതു പുലിയുടെ പാലതു, മെന്നോക്കുക
[നിങ്ങൾ;
കയ്യപ്പ,നതെന്നിഹ നാമം ചൊല്ലിടു മുവ്വിനി-
[വാസികളെന്നെ,

ഇത്തരമാ,ണെൻവാസ്തവ, മിതി, യുരചെയ്തതിനെ
[കേട്ടവരെല്ലാം;
ചെന്നക്ലേശത്തിലെഴും പോൽ സന്താപമഴക്കോടഥ
[നോക്കി;
ഇപ്പോൽ പുലിതന്നുടെ യെന്നുള്ള ദൃഷ്ടാന്തമിവക്കിഹ,
[നാസ്തി;
ഈയുള്ളവർ നീ ചൊൽവതു ശരി,യെന്നുടൻ കാനനതി
[ലൊത്തുഗമിക്കാം;
പക്ഷേ; ഇന്നിപ്പോൽ പുലിയുടെ,യിതി ചൊല്ലുകി,
[ലുലകങ്ങൾ ഹസിയ്ക്കും;
പ്രത്യുത്തരമീവക ചൊല്ലി പാന്ഥരു,മവിടുന്നാശു ഗമിച്ചു;

(വൃത്തം മാറി)

പാന്ഥരിത്തരം ചൊന്ന വചസ്സുകൾ ചിന്തചെയ്തു
[നടന്നീടും മാർഗ്ഗമേ!
അന്തകാന്തകനന്ദന!നത്ഭുതം, ഇത്തരം മനോരാജ്യം,
[തുടങ്ങിനാൻ;
ഇന്നിവൻ പുലിപ്പാലതുകൊണ്ടഹോ! പാണ്ഡ്യഭൂവര
[മന്ദിരം ചെല്ലുകിൽ
പാന്ഥ,രിപ്പോഴങ്ങോതിയപോലവെ, ശങ്കയാൽ
[പുലിപ്പാലിതുമല്ലിദം;
ഈർഷ്യയാൽ പറഞ്ഞത,ന്നെ ഹസിയ്ക്കുവാൻ പോന്ന
[സേവകരങ്ങുമുണ്ടായിടാം;

ആകയാ,ലിവന്താനെ ഗമിപ്പതു ഭംഗിയല്ലെ-
[ന്നോർത്താരതിമോദത്താഹോ
ചെന്നൊ,രാൽത്തണൽ പററിയിരുന്നുടൻ അച്ഛ,
[നമ്മമാർ കാൽത്തളിർ തന്നെയും;
ജ്യേഷ്ഠരായിട്ടും കുംഭിമുഖൻ ഗുഹ നെന്നിവർക്കേഴും
[പാദയുഗങ്ങളും;
മാരികാന്തകിയാകിയസോദരി തൻപദങ്ങളും
[ധ്യാനിച്ചുകൊണ്ടുടൻ
ഏകനാമിവ,ന്തന്നോടു കൂടവെ വേണ്ട സഹായം
[ചെയ്യതിനിസ്ഥലം;
വന്നു ചേരുക കാളികൾ കൂളികൾ ഭൂതസംഘവും
[വമ്പുലിക്കൂട്ടവും,
ഇത്ഥ,മോർത്തൊരു കാൽക്ഷണ,മങ്ങിഹവാണു
[കൊണ്ടീടും നേരത്തു വമ്പരാം;
കാളി കൂളി, കളട്ടഹസിച്ചു വൻഭൂതസംഘമായങ്ങിക്കി
[ലെത്തിനാർ;
പിന്നെ വമ്പുലി വൃന്ദവു മന്‌പൊടു വന്നുചേൎന്നു
[പുളച്ചങ്ങു മേവിനാർ,
ഇപ്രകാര,മങ്ങെത്തിയ, തയ്യന്നും കണ്ടു,വിസ്മയം
[പാരംകലൎന്നുടൻ
ഘോരമായൊരു വമ്പുലി തന്നുടെ ചാരു കണ്ഠമേ,
[യേറിയിരുന്നു, തൻ
പിമ്പു,കൂളികൾ ഭൂതവു,മായഹോ! പാണ്ടിയൻ
[പുരി നോക്കിനടന്നിതു,

(വൃത്തം മാറി)

വജ്രകായവും ഘോരദംഷ്ട്രവും ഭീവളർത്തിടും ദൃഷ്ടിയും,
വികൃത രൂപവും വിലസിടും മഹാഭൂത കൂളികാസംഘവും,
ചേർന്ന വന്പുലി കണ്ടു മേറിയങ്ങേറെ ഘോഷവും
[പൂണ്ടഹോ,
വന്ന ചേർന്നൊരാമോഹിനീസുത,ന്തന്നെ ഇക്ഷണം
[ചെയ്തുടൻ!
തിങ്ങിടും ഭയം പൂണ്ട മൂത്രവും വീഴ്ത്തി,യെത്രയും
[വേഗമായ്,
രാജ്യവാസികാം പാഞ്ഞു ചെന്നുടൻ പാണ്ഡ്യ
[രാജനോടോതിനാർ,
ഭുവനരക്ഷക! നൃപശിഖാമണേ! താവക പ്രിയ
[സേവകൻ,
വൈദ്യർ ചൊല്ലിയ പോലെ വന്പുലിപ്പാലിനാ,യ്
[വനം പോയവൻ,
ഘോരമാം പുലി വാഹനത്തൊടും ക്രൂര വന്പുലി
[സംഘമായ്,
നൃത്തമാടിടും കാളി,കൂളികാം, ഭൂതവൃന്ദവുമൊത്തുടൻ,
വന്നിടുന്നിതു കൂസലെന്നിയെ രാജമന്ദിരം പാർത്തഹോ!
നിന്നു കൊള്ളുവാൻ ശക്തരല്ലിവർ കാത്തുകൊള്ളുക
[ഞങ്ങളെ,
ഇത്തരം പ്രജാവാക്യസംഘവും കേട്ടു ഭൂവരൻ പാഞ്ഞുടൻ,
മന്ത്രി വൃന്ദമായൊത്തു ചേർന്നുടൻ നോക്കിയെ,ത്രയും
[ഭീതനായ്

ട്ടരെനിന്നക,ക്കാമ്പിലെത്രയും താഴ്മഭാവമോടോതിനാൻ,
ചാരുവിക്രമം പൂണ്ടിടും തവ ചാരെ വന്ന സല്ക്കാരവും
ഇന്നു ചെയ്യുവാനാവതല്ല നിൻ കൂട്ടരിൽ പരം ഭീതിമെ
ആയതങ്ങഹോ! കേട്ടു തൽക്ഷണം സംഘമൊക്കെയു
[മസ്ഥലെ,
ന്നിത്തി,യേകനായ് വാഹനത്തെയും വിട്ടു നിന്നിതു
[ഭൂമിയിൽ,
ന്നന്ന സേവകനായെയാരയ്യനെ നന്ദിയോടെതിരേററുടൻ,
കൂട്ടി വന്നൊരു മാന്യപീഠവുമേകി,യോതിനാ,നിത്തരം,
ദേവിതന്നുടെ രോഗ കാരണം ചിന്തചെയ്തുടൻവൈദ്യരും,
ശുദ്ധമാം പുലിപ്പാലു വേണമെന്നെന്നൊടമ്പൊടും
[ചൊല്ലുയാൽ,
ആയതങ്ങിഹ കൊണ്ടുപോരുവാൻ യോഗ്യനാം
[ഭവാനെന്നിയെ
മററാരുമില്ല,യെന്നി,ഭം ചിന്തചെയ്തിവ,നാനസെ
മാന്യനാം ഭവാ,നെന്നൊടാജ്ഞയെ നല്കി,നാ,നതിൻ
[വണ്ണമെ!
ചെന്നു വന്‍പുലിപ്പാൽ കറന്നഹൊ! കൊണ്ടു വന്നിതു
[നിർഭയം,
പക്ഷെയിപ്പൊഴെൻ ദേവ, തന്നുടെ രോഗമൌഷധം
[സേവിയാ-
തി,പ്പൊഴൊട്ടുമേ! ശല്യമെന്നിയെ വാണിടുന്നിതു
[സൈ്വരമായ്;
പാലു കൊണ്ടിനി കാര്യമേതുമെ! യില്ല,യെങ്കിലുമെന്നുടെ;
മാക്കെ തെററിടാതങ്ങു കാര്യവും സാദ്ധ്യമാക്കിയഹേതുവാൽ

വേണ്ട മട്ടു സമ്മാനമിന്നു ഞാൻ തന്നിടാ,മതു വാങ്ങണം,
ഭൂപനിത്തര,ഞ്ചൊല്ലി നല്കിയ വസ്തു സർവ്വവും തുഷ്ടിയായ്;
സ്വീകരിച്ചു പിൻ ഭൂമിപാലനോടിത്ഥ,മോതിനാൻ
[ഗൌരവാൽ;

ബുദ്ധിശക്തിയും കാര്യബോധവും രാജതന്ത്രവും യുക്തിയും;
പാരമുള്ളോരീ, ഞങ്ങൾ തുല്യമായില്ല,യെന്നഹങ്കാരവും;
പൂണ്ടു വാണിടുന്നിന്റെ സേവക,രോതിടുമ്മൊഴിയി
[ന്നിമേൽ;

കേട്ടുവെങ്കിലോ? നിന്റെ വംശവും നാശമെന്നി,തുവന്നിടും,
ശുദ്ധനാം നിനക്കിപ്പോൾ മാപ്പു ഞാ,നിഷ്ടമാർന്നുടൻ
[നല്കിടുന്നേൻ;

ഇത്ഥമയ്യനു,ഞ്ചൊല്ലി യങ്ങൊരു,ദിക്കിലമ്പൊടു ചെന്നുടൻ
ഭൂതകാളികൾ കൂളി വയ്ന്പുലി സംഘമാകവെ,വന്നിടാൻ;
ധ്യാനമാണ്ടൊരു നേര, മസ്ഥല,ന്നോക്കിയെത്തിനാർക്കൂട്ടരും
അയ്യനപ്പൊഴെ തൻ ഗണങ്ങളോടൊന്നു ഗൌരവം
[പൂണ്ടുടൻ;

ചെന്നു കൊല്ലുവിൻ ദുഷ്ടസേവകന്മാരൊടങ്ങിഹ വൈദ്യരെ;
എന്ന കല്പന കേട്ടു തൽക്ഷണം ഭൂതസഞ്ചയം മററുമായ്;
ചെന്നു പാണ്ഡ്യഭൂപാലമന്ദിരം; കൊന്നിതായവർതന്നെയും
ക്ഷിപ്രമങ്ങിഹവന്നു കൂപ്പിനാ,രായതിൽ പ്രിയംപൂണ്ടഹോ
സംഘമൊത്തുടൻ അയ്യനപ്പൊഴെ അന്യമന്ദിരം
[പൂകിനാൻ!

## 26. പുലിസേവകം ഒററപ്പാട്ട്.

ശോഭിച്ചീടിന മോഹിനിനിനന്ദനനാടിയതേടിയ
[നിലവയ്യന്താൻ;
അരയും തലയും കരുതിമുറുക്കി വില്ലുംശരവും കയ്യിലെടുത്തു്
വേട്ടവിളിച്ചൊന്നരുളിച്ചെയ്തു വേട്ടവിളിച്ചൊന്നരുളിയനേരം
നായും വലയൊട്ടനായാടികളും പിള്ളരുമുള്ളിവടിയുമെടുത്തു്;
പിള്ളരതേററം വരവുതുടങ്ങി മലവാരം വഴിനോക്കിനടന്നു;
വെട്ടിയടച്ചവർ വലയുംകെട്ടി നായ്ക്കളെയങ്ങും തുരട്ടമകററി;
പിള്ളരുമുള്ളിൽ പുക്ക തിരഞ്ഞു പുള്ളിപ്പെടമാൻ,
[കടമാൻക്കൂട്ടം;
കേഴ, കിടാവൊട്ട,ചെന്നായ്,കരുനായ്,മുള്ള,നട്ടമൊട്ട
[ക്രൂരമ്പന്നി,
വയ്'നുമി,യിളകി വരുവതുകണ്ടു് പേടിച്ചോടിന
[പടനായന്മാർ;
വന്മരമേറിക്കരകൊള്ളുന്നു നിലവയ്യൻ കണകൊണ്ടുതട്ടത്തു്
നിന്നിട്ടയ്യൻചുവടിളക്കാതെ കൊന്നിട്ടയ്യൻ പുലിയെമറിച്ചു്
വരുവിനെടോ! പടനായന്മാരെ പുലിയെക്കെട്ടി
[യെടുപ്പാനായി;
അപ്പോഴം വന്നിതു പടനായന്മാർ പുലിയെക്കെട്ടി
[യെടുപ്പാനായി;

നടനാലും വലിച്ചങ്ങു കെട്ടേണം പുലിയുടെ;
വാലു വലച്ചങ്ങു കെട്ടേണം പുലിയുടെ,
വായിൽ കടികോലും തള്ളേണം പുലിയുടെ

39226



വായിൽ കടികോലും തള്ളുന്ന പടനായർ;
പുലിയെ കെട്ടിയെടുപ്പിച്ചും കൊണ്ടയ്യൻ;
അങ്ങൊരു തെരുവൂടെ ചെല്ലുന്ന നേരത്ത്
പല, പല, ചെട്ടികൾ പരദേശികളും, ശരണം ശരണ,
[മിതയ്യാ!യെന്നു പുകഴ്ന്നു;
തെച്ചിപ്പൂവ്വോടു, പിച്ചകമാലയും, ജാതിയ്ക്കായൊടു,
[കരയാമ്പൂവും;
പൊന്നും, പണവും, പട്ടുകൾ,ചേലകൾ, കണ്ടനയ്യനു
[കാഴ്ചകൾവെച്ചവർ;
എടുപ്പിച്ചു മുതൽഭാരം ശൌര്യമാമല! തന്നിൽ
[പൊന്നമ്പലമൊടു പുറമെ ശരണം!
ചായലു മേറിന ശൌരിമലശാസ്താവെ! കടികൊള്ളി-
[വിടെയ്ക്കായി;
ഹരിഹരശിവസുത! പതിനെട്ടാം പടിവാഴും
[നമഃശിവസുത! ഞങ്ങളടിപാദം വന്ദിയ്ക്കുന്നേൻ!

## 27. ചുരികപ്പണി.

ഹരനുടെ തിരുമകനാരയ്യനു ചുരികപ്പണി ചെയ്യണമതാൻ,
അരചൻചൊല്ലാലെ അക്കരിമകനാരെവരുത്തുക! വിരവിൽ;
അതുനേരം മന്നവൻദൂത,വനഴകൊടെകഴിയ്ക്കുന്നു;
[നിയുതകർമ്മങ്ങൾ;
അരക്ഷണം കുളിച്ചുരച്ച് ചന്ദനം ചാത്തിച്ചമഞ്ഞുടൻ,
[ഗളമണികളുമണിഞ്ഞ്
ഹിതത്തോടു കരുംകച്ചകെട്ടി തൊങ്കലിട്ടു തുകിൽപകലുട-
[ത്തുടൻനടന്നു.

മെല്ലെനടന്നവർ നല്ലമല,കുന്നു,കുഴി,എന്ന പാലെതോട്ടം
[ പുരകളിറിങ്ങി,
കാഞ്ചിമലഞ്ചെരിവും പൂഞ്ചോലത്തട മൊക്കെയിറങ്ങി
മെച്ചമുള്ള കരിമകന്തന്റെ പടിപ്പുറമെ ചെന്നു്
[ പടിതട്ടിവിളിച്ചു്.
കണ്ടു കരിമകൻവിളികേട്ടു പടിയൂരികടന്നുചെന്നു് കണ്ടവ
[ സ്ഥകൾ പറഞ്ഞു്
കാലാന്തകഹരിസുതനു് കനിവോടൊരു ചുരികപ്പണി
[ ചെയ്യണമെ! താൻ.
കാലം വൈകാതെ പോകുന്നവരുടെ കരുവുമെടുത്തു്:
കട്ടിയുള്ള് പൊന്നും, മുട്ടികയും ചുട്ടുകഡുംബകയിലിട്ടിളു
[ കുയിലാണി
കാണിനീളമുള്ളവാളരങ്ങൾ, കോൽകത്തികൾ,
[ കോൽശ്ശരങ്ങൾ,
ചാണക്കയറാണി, കല്ലുളിയൊട്ടുമുള്ളുളി,നെല്ലുളിയെന്നിവ
[ യൊക്കെയെടുത്തു്,
വന്നിയന്മാർ പണ്ടുകൊടുത്തൊരു തൊപ്പിയുമിട്ടു്
[ കുടയുമെടുത്തു്
ദൂതവനുടെ പിറകേയൊന്നു ഞെളിഞ്ഞവർ കയ്യുംവീശി.
കാഞ്ചിമലഞ്ചെരിവും, പൂഞ്ചോലത്തട,മൊക്കെയിറങ്ങി,
മെച്ചമുള്ളശ്രീകൈലാസത്തിപ്പുയുള്ളൊരീശന്തന്റെ
[ തിരുമുമ്പിൻ.
എന്മകനു പയററിനു പരിചുള്ളൊരു ചുരികപ്പണി
[ ചെയ്യണമേ താൻ.

ചുരികപ്പണി വശമുള്ളടിയനു വട്ടപണി വശമില്ലൊട്ടു.
കട്ടിയുള്ളപൊന്നും ചുട്ടുനീട്ടിയിട്ടു കപ്പൽ പണിതൊരുക്കി
[വട്ടിന്നുപോവാൻ,

ഹരിഹരശിവ! പതിനെട്ടാംപടി നമഃശിവസുത!
[പദതളിർതൊഴുന്നേൻ!

(വൃത്തംമാറി)

ഹരനുപുത്തിര നയ്യനു,ചുരികപ്പണി തുടങ്ങിനമെന്നവൻ,
ഉലകിലേഴിലു മിതുപോലൊരുചുരികയില്ലെന്നുടൻ
[പണിചെയ്തിതു,
തെരിക്കെ പണിചെയ്തു തരിക! കുറവുതീർത്തങ്ങരനു
[പുത്തിരൻചുരികയും,
അഴകോട്ടുടൻ പണികഴിച്ചുമെന്നവൻ, ഹരനു
[പുത്തിരൻചുരികയും,
ഈശനാർതിരുമുമ്പിൽ ചെന്നുടൻ കാഴ്ചവെച്ചിതുചുരികയും
ഈശനാർതെളിഞ്ഞു,രനുകരിമകൻകൊടുത്തു പല
[പലസമ്മാനം
അനുഗ്രഹം വരംനല്കി,മേല്ക്കുമേൽ അയച്ചു
[കരിമകന്തന്നെയും,
ഹരിഹരശിവ, പതിനെട്ടാംപടി നമഃശിവസുത!
[തൊഴുതഹം.

ശുഭം.

# ഭക്തിമാർഗ്ഗ പുസ്തകങ്ങൾ

| | | |
|---|---|---|
| ശ്രീകൃഷ്ണസന്ധ്യാനാമം | കെ. ജി. പണിക്കർ | 0 6 |
| ശ്രീരാമസന്ധ്യാനാമം | ടി. ജി. എം. | 0 3 |
| ശ്രീകൃഷ്ണകീർത്തനങ്ങൾ | | 0 3 |
| ശ്രീകൃഷ്ണലീലാമൃതം | ശങ്കരപണിക്കർ | 0 2 |
| ഗുരുവായൂരപ്പൻ കേശാദിപാദസ്തോത്രങ്ങൾ | എ. മുരളി | 0 3 |
| ഗുരുവായൂരപ്പൻ കീർത്തനങ്ങൾ | ടി. ജി. മേനോൻ | 0 3 |
| ഗുരുവായൂരപ്പൻ നവരത്നകീർത്തനങ്ങൾ. | എസ്സ് എസ്സ്. തെക്കേപ്പുരയ്ക്കൽ | 0 3 |
| ഗുരുവായൂരപ്പൻ ഭജനകീർത്തനങ്ങൾ | സാധു ഗീതാനന്ദ | 0 2 |
| ഗുരുവായൂരപ്പൻ സ്തുതി | ടി. ജി. എം. | 0 2 |
| ഗുരുവായൂരപ്പൻ സ്തോത്രകദംബം | ഉള്ളാട്ടിൽ | 0 6 |
| ഗീതഗോവിന്ദം (അഷ്ടപദി) — സവ്യാഖ്യാനം | വ്യാ: ടി. ജി. എം | 1 2 |
| ,, മൂലം | ,, | 0 3 |
| ഹരിനാമകീർത്തനം (സവ്യാഖ്യാനം) | വ്യാ: ടി. ജി. എം | 0 4 |
| ദേവീസ്തോത്രമാല | സമ്പാദകൻ വി. എസ്സ്. അയ്യർ | 0 6 |
| അനന്തൻകാട്ട് | പി. ആർ. നാരായണയ്യർ | 0 3 |
| കീർത്തനശ്ലോകങ്ങൾ വലുത് | | 0 3 |
| അഞ്ചുവിശിഷ്ടരത്നകീർത്തനങ്ങൾ (പലർ) | | 0 4 |
| മുരളീഗാനം | ചാത്തനാത്ത് അച്യുതനുണ്ണി | 0 2 |
| ശ്രീ വിഷ്ണുസഹസ്രനാമസ്തോത്രം മൂലം | | 0 2 |
| ,, (സവ്യാഖ്യാനം) | വ്യാ: നാരായണയ്യർ | 1 2 |
| ശ്രീ ദേവീമാഹാത്മ്യം മൂലം | | 0 62 |
| ,, കിളിപ്പാട്ട് | | 0 5 |

ആവശ്യപ്പെടുക!

**ശാന്താ ബുക്ക് സ്റ്റാൾ,**

പാലക്കാട്ട് & ഗുരുവായൂർ.

മാതാ-പിതാ പ്രസ്സ്, മുതുവട്ടൂർ ഫോൺ 277.

REFERENCE